REGD. No. M. 4374.

Annual Subscription Rs. 5/-

മാപ്പിള റിവ്യൂ

MAPPILLA REVIEW

VOL. 3 | JANUARY 1944 | No. 9



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. ABUBUCKER.

Insrue with

RUBY GENERAL INSURANCE CO., LTD.

Chairman Mr. B. M. BIRLA.

H. O. CALCUTTA.

Sub Office:- Tower Building, Coimbatore.

Principal Representatives:

The Mercantile & Investment Corporation,

EMPRESS HOTEL ROAD, CALICUT.

Business Transacted: Life, Fire, Marine, Motor & Workmen's Compensation.

Life Business Introduced in 1942 exceeds 55 lakhs.

———:::———

അദൃശ്യമായ സാമ്പത്തിക സ്ഥിരതക്കു നിങ്ങളുടെ
ജീവനും വ്യവസായശാലകളും

റൂബി ജനറൽ ഇൻഷൂറൻസ് കമ്പനി

യിൽ ഇൻഷൂർ ചെയ്യുക.

1942-ലെ ജീവിതരക്ഷാപോളിസികളുടെ സംഖ്യ
55 ലക്ഷത്തിൽ കവിഞ്ഞുപോയിരിക്കുന്നു.

ഫയർ, മാറൈൻ, മോട്ടോർ, വക്ക്മെൻസ് കാമ്പൻസേഷൻ
എന്നീ പദ്ധതികളുമുണ്ട്.

മാച്ച് മുതൽക്കു ഉരുക്കളിലെ ചരക്കുകളും ഇൻഷൂർ ചെയ്യുന്ന പദ്ധതി കൂടി ഞങ്ങൾ തുടങ്ങിയിട്ടുണ്ടെന്നു ഞങ്ങളുടെ അഭ്യുദയകാംക്ഷികളെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് പ്രത്യേക ചാരിതാർത്ഥ്യമുണ്ട്.

അധിക വിവരത്തിന്നന്വേഷിക്കുക :—

ദി മെക്കൻടയിൽ & ഇൻവെസ്റ്റ്മെണ്ട്
കോർപൊറേഷൻ,
എമ്പ്രസ്സ് ഹോട്ടൽ റോഡ്, കോഴിക്കോട്.

The Empire Press,

Bank Road, CALICUT.

Artistic Colour Printers, Binders, Manufacturers of Account Books and Card Board Boxes etc. etc.

- MODERATE CHARGES
- NEAT EXECUTION
- PROMPT DELIVERY.

ഏതുതരം അച്ചടി പ്രവൃത്തികളും, ബുക്ക് ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്ക് അന്വേഷിക്കുക:—

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്, കോഴിക്കോട്.

വിഷയവിവരം (Contents)

1. ഇന്ത്യയും ഇസ്ലാംസംസ്കാരവും

India and Islam Culture 1

2. കടൽപ്പക്ഷികൾ

Sea-birds—M. Narayanan, B. A., L. T. 5

3. മലയാള ഭാഷാഭ്യസനം

Study of Malayalam Language—K. Kurriakkos, Thottungal, M.A., L.T. 9

4. ബാബാ മുഹമ്മദ് അബ്ദുൽഖാദിർ ഒലിയുള്ള എന്ന മഹാനന്ദ ഒലിയുള്ള സ്വാമിജി

Baba Muhammad Abdulkhadir Oliyulla alias Mahananda Oliyulla Swamiji—Khan Sahib K. Hashim 13

5. നൊഴമ്പ്

Flies—Variyath Kutti Rama Menon 17

6. കണ്ണുനീർ (പദ്യം)

Tears (Poem)—M. S. Rama Krishnan, Alwaye 23

7. നബി തിരുമേനിയുടെ മതസഹിഷ്ണുത

Religious Tolerance of the Prophet 24

8. വിവാഹ ദിവസം (ചെറുകഥ)

On the Wedding day (Short Story)—C. P. Damodara Kurup. 27

9. വെള്ളരിക്കയും കക്കരിക്കയും

Cucumber 35

ബാലപംക്തി (Children's Column)

10. ബ്രിട്ടീഷ് ഗയാനയിലെ കുട്ടികൾ

Children of Br. Guiana—C. P. Sarma, B.A., L.T. 37

11. കുറിപ്പുകൾ

Notes 41

മാപ്പിള റവ്യൂ

പുസ്തകം 3. | 1944 ജനവരി | ലക്കം 9.

*ഇന്ത്യയും ഇസ്‌ലാം സംസ്കാരവും

വിവിധവർഗ്ഗങ്ങളുടെയും വ്യത്യസ്ത മതങ്ങളുടെയും സങ്കലനത്താൽ വളർന്നുവന്നിട്ടുള്ളതാണ് ആധുനിക ഭാരതീയ സംസ്കാരം. അതിനാൽ, അതിന്റെ വിവിധങ്ങളായ ഭാഗങ്ങൾ ഏതേതു സംസ്കാരത്തിന്റെ സന്താനമാണെന്നു തിട്ടപ്പെടുത്തുന്നതു ദുഷ്കരമായിട്ടുള്ളതാണ്. വിശിഷ്യ, ഇസ്ലാംസംസ്കാരം ഭാരതീയ സംസ്കാരത്തിന്നു എത്രകണ്ടു പ്രചോദനം നൽകീട്ടുണ്ടെന്നു പറയുന്നതു് അത്ര എളുപ്പമല്ല, കാരണം വിവിധ കാലങ്ങളിൽ വിദേശങ്ങളിൽനിന്നു മുസ്ലിമീങ്ങൾ ഇന്ത്യയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിലും ആ വൈദേശിക വർഗ്ഗക്കാർ അധികമായി ഇന്ത്യയിൽ വന്നു കുടിയേറിപ്പാർത്തിട്ടില്ല. ഇന്ത്യയിലെ ജനസംഖ്യയിൽ നാലിലൊന്നു വരുന്ന മുസ്ലിമീങ്ങളിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കളുടെ സന്തതികൾതന്നെയാണ്; അതിനാൽതന്നെ അവർ ഭാരതീയർക്കു പൊതുവായുള്ള ചില പ്രത്യേകതകൾ വെച്ചുപുലർത്തുന്നവരുമാണ്. ഇന്ത്യയിലെ മുസ്ലിം സംസ്കാരം വ്യത്യസ്തങ്ങളായ രണ്ടു സംസ്കാരങ്ങളുടെ സങ്കലനമാണ്. ഇന്ത്യയുമായുള്ള ഇസ്ലാമിന്റെ സമ്പർക്കം ക്രിസ്താബ്ദം ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലും എട്ടാം ശതകത്തിന്റെ ആദികാലങ്ങളിലും സിൻറ്, ബലൂചിസ്ഥാൻ വഴിയാണ് ഉണ്ടായിട്ടുള്ളതു്. സിൻറ് അധീനപ്പെടുത്തി അവിടെ സ്ഥിരവാസം ഉറപ്പിച്ച അറബികളുടെ ആചാരാനുഷ്ഠാനങ്ങൾ അവിടുത്തെ ജനതയിൽ സ്ഥായിയായ ഒരു നില കൈക്കൊണ്ടിരുന്നു. ക്രമേണ ഇന്ത്യയുടെ പശ്ചിമോത്തര കവാടത്തിൽക്കൂടി ഇന്ത്യയിൽ പ്രവേശിച്ച മുസ്ലിമീങ്ങൾ വർഗ്ഗീയമായും സാംസ്കാരികമായും അറബികളിൽനിന്നു വ്യത്യസ്തരായിരുന്നു. ഇസ്ലാമിന്റെ പ്രചാരത്തിന്നു വിധേയരായി പ്രകൃത മതം സ്വീകരിച്ച മദ്ധ്യേഷ്യയിലെ പലപല വർഗ്ഗക്കാരാണ് ഇങ്ങിനെ അക്കാലങ്ങളിൽ ഇന്ത്യയെ ആക്രമിച്ചതു്. എന്നാൽ, അവരിൽ ആദ്യകാലത്തെ തിമൂർലെയിൻ, ഗസ്നി മഹമൂദ് ഇവരുടെ ആക്രമണം ഇന്ത്യയിലെ സംസ്കാരത്തിന്നു ചിരസ്ഥായിയായ മുത

* 1935 ഡിസമ്പർ 13-ാംനു- ഇംഗ്ലണ്ടിലെ റോയൽ സൊസൈററി ഓഫ് ആർട്ട്സിൽ സർ. അബ്ദുൽഖാദിർ, കെ. സി. ഐ. ഇ. ചെയ്ത ബർഡ്വുഡ് പ്രസംഗത്തെ ഉപജീവിച്ചെഴുതിയതു്.

ൽക്കൂട്ടവരുത്തിച്ചേർത്തിട്ടില്ലെന്നു സമ്മതിച്ചേ കഴിയൂ. കാരണം ഭാരതീയരുമായി അവക്കു ദീർഘകാലത്തെ സമ്പക്കമുണ്ടായിട്ടില്ലെന്നു മാത്രമല്ല, ഉള്ളേടത്തോളം കാലം ബഹുജനങ്ങളുടെ തീവ്ര വൈരത്തിന്നും അവിശ്വാസത്തിന്നും മാത്രമെ അവർ പ്രാപ്തവാന്മാരായിത്തീൎന്നിട്ടുമുള്ളു. ഈ രാജ്യത്തിൽ സ്ഥിരവാസം തുടങ്ങിയപ്പോഠം മാത്രമാണ് അവരും മററു ജനങ്ങളും തമ്മിൽ യഥാൎത്ഥമായ സമ്പക്കം സംജാതമായിട്ടുള്ളത്.

ഇന്ത്യയിൽ മുഗഠസാമ്രാജ്യം സുസ്ഥാപിതമാകുന്നതിന്നു മുമ്പു അനേകം വംശങ്ങളിൽപെട്ട വിവിധ മുസ്ലിം രാജാക്കന്മാർ ഇവിടം ഭരിച്ചിട്ടുണ്ട്; ഇവിടത്തെ പൌരാണിക സംസ്കാര ഭാണ്ഡാഗാരത്തിൽ അവർ വമ്പിച്ച ചില മൂല്യങ്ങഠം പ്രദാനംചെയ്തിട്ടുമുണ്ട്. എന്നാൽ, അവയുടെ പരിമാണം എത്രയെന്നറിയുവാൻ യാതൊരു നിവ്വാഹവുമില്ലാതെയാണിരിക്കുന്നത്. ഇൻറോ—മുസ്ലിം സംസ്കാരത്തിൻെറ വളച്ച്ക്കു ഏററവുമധികം സാഹായികമായ മുഗിളരുടെ വാഴ്ചകാലത്തെപ്പററി മാത്രമെ നമുക്കു യഥാൎത്ഥ പരിചിന്തനക്കു സാദ്ധ്യമാകുന്നുള്ളു.

അറേബിയയിൽ സമുത്ഭവിച്ച ഇസ്ലാമിൻെറ പ്രധാന വശങ്ങഠം, മുസ്ലിമീങ്ങളുടെ സംക്രമണദ്വാരാ ഇന്ത്യയിൽ സ്ഥിരമായി നിലനിന്നിരിക്കാനിടയില്ല; എന്നാൽ അറേബിയയിൽനിന്നു പേഷ്യയിലേക്കും അവിടുന്നും മദ്ധ്യേഷ്യയിലേക്കും ഉള്ള ഇസ്ലാമിൻെറ പ്രവാഹത്തിൽ അവ അതിനോടു ചേൎന്ന ഏകീകരിച്ചിരുന്നു. പേഷ്യക്കു ഇസ്ലാമിൻെറ ആധിപത്യം ഏററവുമധികം അനുഭവപ്പെടുകയും അതുവഴി അതിന്നു ഇന്ത്യക്കും പ്രചോദനം നൽകുന്നതിന്നിടയാവുകയും ചെയ്തു. അറബികഠം പേഷ്യയെ കീഴടക്കിയപ്പോഠം, ഉന്നതമായ പേഷ്യൻ സംസ്കാരത്തിന്നു അവർ വിധേയരായിത്തീരുകയാണുണ്ടായത്. അങ്ങിനെ പേഷ്യൻ ഭാഷയും പേഷ്യൻ സംസ്കാരവും പല പൌരസ്ത്യ രാജ്യങ്ങളിലും പ്രചരിച്ച ഇസ്ലാം സംസ്കാരത്തിൻെറ ഘടകമായിത്തീൎന്നു. ഇന്ത്യയിൽ പ്രവേശിച്ച ഇവിടെ സാമ്രാജ്യം സ്ഥാപിച്ച മദ്ധ്യേഷ്യയിലെ വംശക്കാർ, അതിന്നു മുമ്പുതന്നെ പേഷ്യൻ സാഹിത്യത്തിൻെറ ആധിപത്യത്തിന്നു വിധേയരായിരുന്നതിനാൽ ഇന്ത്യയിലെ അവരുടെ ഔദ്യോഗികഭാഷ പേഷ്യനായിത്തീൎന്നു. മുഗിളരുടെ വാഴ്ചകാലത്തു പേഷ്യൻ ഭാഷാപഠനത്തിൽ മുസ്ലിമീങ്ങളും അമുസ്ലിമീങ്ങളും അഹമഹമികയാ വ്യാപൃതരായിരുന്നു. ബുദ്ധിപരമായ കാൎയ്യങ്ങഠം സ്വയം അംഗീകരിച്ച അവയുമായി ഇണങ്ങിച്ചേരുന്നതിൽ സമൎത്ഥരായ ഹിന്ദുക്കഠം, ഇന്നു അവർ ഏതുവിധം ഇംഗ്ലീഷുഭാഷയും തൽസാഹിത്യവും ശ്രദ്ധാപൂവ്വം പഠിക്കുന്നുവൊ അപ്രകാരം പേഷ്യൻ സാഹിത്യപഠനത്തിൽ അന്നു ശുഷ്കാന്തിവെച്ചിരുന്നു. അറബി ഭാഷയാലും മുസ്ലിം മതഗ്രന്ഥങ്ങളാലും പ്രചോദിതമായ പേഷ്യൻ ഭാഷയുടെ പഠനം നിമിത്തമാണ് ഇസ്ലാം നീതിശാസ്ത്രങ്ങഠം അഭ്യസ്തവിദ്യരായ ഹിന്ദുക്കളെ മതപരമായി തട്ടിയുണൎത്തിയത്. ഇതിൻെറ മഹനീയമായ ഒരു ഫലമൊ ദൈവത്തിൻെറ ഏകത്വത്തിലും അദ്വൈതത്തിലും ഉള്ള വിശ്വാസത്തിന്നു പ്രാചുൎയ്യം കൂടി എന്നതുതന്നെ. അത്യാശ്ചൎയ്യകരമായ രണ്ടാ

മത്തെ ഫലം, പേഷ്യൻ, ഹിന്ദി എന്നീ ഭാഷകളുടെ സങ്കലനമായി ഉറദു എന്ന പേരിൽ പുതിയൊരു ഭാഷ രൂപമെടുക്കുകയും, കാലക്രമേണ ആയതു ഇന്ത്യയിൽ പരക്കെ ഉപയോഗത്തിലുള്ള ഒരു ഭാഷയായി വളരുകയും ചെയ്തു എന്നതാണ്.

നമുക്കാദ്യമായി, ഇസ്ലാം സംസ്കാരം മതപരമായി വരുത്തിച്ചേർത്ത പരിവർത്തനങ്ങളെപ്പററി വിചിന്തനം ചെയ്യാം. സൃഷ്ടിസ്ഥിതികൾക്ക കർത്താവായ ദൈവം ഏകമാണ്, സർവ്വാന്തര്യാമിയും സർവ്വശക്തനുമാണദ്ദേഹം എന്നാണ് ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളുടെയും വിശ്വാസം. ലോകത്തിലെ മിക്ക പ്രധാന മതങ്ങളും ഇതുതന്നെയാണുപദേശിക്കുന്നതെങ്കിലും ഇസ്ലാമിനെപ്പോലെ മററു യാതൊരു മതവും ദൈവത്തെ സംബന്ധിച്ച ഈ യാഥാർത്ഥ്യത്തിൽ അത്രയധികം നിർബ്ബന്ധം വെക്കുന്നില്ല. മുസ്ലിമീങ്ങളുടെ ആഗമനകാലത്തു ഹിന്ദുക്കളുടെ മതവിശ്വാസം, അവരുടെ മതഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട സനാതനതത്വത്തിൽനിന്നു വളരെയധികം വ്യതിചലിച്ച ഒരു രൂപത്തിലായിരുന്നുവെന്നും, വിവിധങ്ങളായ വിഗ്രഹാരാധനാരീതികൾ പരിപാവനമായ ദൈവാരാധനയുടെ സ്ഥാനത്തു പകരം വന്നിരുന്നുവെന്നും ഓർക്കേണ്ടതുണ്ട്. എന്നാൽ, യാഥാസ്ഥിതികഹിന്ദുക്ഷേത്രങ്ങളിൽ ഇന്നും വിഗ്രഹാരാധന നടന്നുവരുന്നുണ്ടെങ്കിലും, പൊതുവിൽ ഹിന്ദുക്കൾക്ക വിഗ്രഹാരാധനയിലുള്ള വിശ്വാസത്തിന്നു പരിവർത്തനം വന്നിരിക്കുന്നുവെന്നതു സമ്മതിക്കുകതന്നെ വേണം. വിഗ്രഹാരാധനയോടുള്ള ഹിന്ദുക്കളുടെ വിപ്ലവാത്മകമായ വെല്ലുവിളിയാണ് ഋഷി ദയാനന്ദ സരസ്വതിയാൽ സ്ഥാപിക്കപ്പെട്ട ആര്യസമാജത്തിൽ നാം ദർശിക്കുന്നതെന്നും പ്രകൃതത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ഇന്ത്യയിലെ മതപരമായ വിശ്വാസത്തിൽ സാവധാനമെങ്കിലും സുദൃഢം ഇസ്ലാം വരുത്തിച്ചേർത്ത ഈ പരിവർത്തനത്തിന്നു പുറമെ, ഏകദൈവവിശ്വാസം പ്രതിഷ്ഠിക്കുന്നതിലും ഇസ്ലാം മഹത്തായ സംഭാവന നൽകിയിരിക്കുന്നു. ഇസ്ലാം ഈ രൂപത്തിൽ നൽകിയ തേജ്ജത്വത്തിന്റെ അത്യാശ്ചര്യകരമായ ലക്ഷ്യമാണ് ഗുരു നാനാക്കിനാൽ സംസ്ഥാപിതമായ സിക്ക് മതം. ഏതൊരു മുസ്ലിമിനെയും പോലെ ഗുരു നാനാക്കും ദൈവത്തിന്റെ ഏകത്വത്തിൽ സുദൃഢം വിശ്വസിച്ചു; ഹിന്ദുമതത്തിലും ഇസ്ലാമിലുമുള്ള വൈജാത്യങ്ങളെ നിരാകരിച്ചു അവ തമ്മിൽ ഐക്യം വളർത്തുന്നതിന്നദ്ദേഹം ആഗ്രഹിച്ചു. സിക്ക് മതസ്ഥാപകൻ ദൈവത്തേയും സഹജീവികളെയും ഒന്നുപോലെ സ്നേഹിച്ചിരുന്നുവെന്നും, അദ്ദേഹത്തിന്നു അറേബിയായിലെ പ്രവാചകനോടും മററു ഇസ്ലാം മതാചാര്യന്മാരോടും ആന്തരമായ ബഹുമാനമാണുണ്ടായിരുന്നതെന്നും, സിക്ക് വേദഗ്രന്ഥമായ "ഗ്രന്ഥസാഹിബ്" സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രകൃതത്തിൽ പ്രസ്താവയോഗ്യനായ മറെറാരു മഹാനായ മതാചാര്യനാണ് ഭക്തിയോഗത്തിന്റെ പ്രണേതാവായ കബീർ. അദ്ദേഹം "രാമനും റഹീമും തമ്മിലും കഅബയും കൈലാസവും തമ്മിലും ഖുർആനും പുരാണ

വും തമ്മിലും യാതൊരു വ്യത്യാസവും കാണുന്നില്ല" എന്നു ഒരു സുപ്രസിദ്ധ ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുള്ളതു അക്ഷരംപ്രതി വാസ്തവമാണ്. ഏകദൈവവിശ്വാസത്തിന്റെ പ്രവാചകന്മാരായി ഇന്ത്യയിൽ വിവിധഭാഗങ്ങളിൽ അവതരിച്ച പ്രവർത്തനം നടത്തിയ രാമാനന്ദൻ, കബീർ, ദാദു, രാമദാസ്സ്, നാനാക്ക്, ചൈതന്യൻ ഇവരുടെയെല്ലാം ഉപദേശങ്ങളിൽ ഇസ്ലാമിന്റെ ധാർമ്മികമായ പ്രചോദനത്തിനുള്ള പങ്കു ഗണ്യമാണെന്നു സമ്മതിച്ചേ തീരൂ.

അടുത്തകാലത്തായി ഇസ്ലാം സംസ്കാരത്തിന്റെ സ്വാധീനശക്തിയെ പ്രത്യക്ഷപ്പെടുത്തുന്നവിധം ആവിർഭവിച്ച മതസ്ഥാപനമാണ് ദിവംഗതനായ രാജാറാം മോഹൻറോയിയാൽ സ്ഥാപിക്കപ്പെട്ട ബ്രഹ്മസമാജം. അദ്ദേഹം പേർഷ്യൻ ഭാഷയിൽ നല്ല ഒരു പണ്ഡിതനായിരുന്നുവെന്നതിന്നു പുറമെ, ഇസ്ലാംമതഗ്രന്ഥങ്ങളിൽ ധാരാളം പഠനം നടത്തുകയും ചെയ്തിരുന്നു. ഇംഗ്ലീഷുഭാഷാപരിജ്ഞാനം ക്രിസ്തുമതവിശ്വാസങ്ങളുമായി അടുത്തു പരിചയിക്കുന്നതിന്നും അദ്ദേഹത്തിന്നു സംഗതി വരുത്തി. അങ്ങിനെ, വേദങ്ങളുടെയും ബൈബിളിന്റെയും ഖുർആന്റെയും ഉപദേശരത്നങ്ങളെ ഇണക്കിച്ചേർത്തും, ലോകത്തിലെ മഹാന്മാരായ മതാചാര്യന്മാരെ മുഴുവൻ ഒന്നുപോലെ ബഹുമാനിച്ചുകൊണ്ടും ഉള്ള ഒരു നൂതന മതം സൃഷ്ടിക്കുന്നതാണ് ഇന്ത്യയിലെ മതപരമായ വഴക്കുകൾക്കുള്ള ഏക പരിഹാരമാർഗ്ഗം എന്നു അദ്ദേഹം കണ്ടറിഞ്ഞു. തികച്ചും അദ്വൈതതത്വം ഉൽഘോഷിക്കുന്ന ബ്രഹ്മസമാജത്തിന്റെ ഉപദേശങ്ങളിൽ ഇസ്ലാമിന്റെ മതസിദ്ധാന്തങ്ങളാണ് ഏറ്റവുമധികം അംഗീകരിക്കപ്പെട്ടിരിക്കുന്നത്. (തുടരും)

വെജിറ്റോൾ സോപ്പ്

ഏത് വെള്ളത്തിലും സമൃദ്ധമായ നുര നൽകുന്നതും പരിശുദ്ധവുമായ നിങ്ങളുടെ ഈ പഴയ സേവകനെ നൂതനവും ആകർഷണീയവുമായവിധത്തിൽ ഇപ്പോൾ പുറത്തിറക്കിയിരിക്കുന്നു.

കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട്.

കടൽപ്പക്ഷികൾ

—————:o:—————

എം. നാരായണൻ ബി. എ., എൽ. ടി.

അപാരമായ ആഴിയുടെ അടിത്തട്ടിലും തീരപ്രദേശങ്ങളിലും അനേകം ജാതി വൃക്ഷങ്ങൾ വളരുന്നുണ്ട്. മനുഷ്യൎക്ക് അജ്ഞാതങ്ങളായികിടക്കുന്ന അഗാധഹ്രദങ്ങളിൽപോലും പലവിധ ജന്തുക്കളും മത്സ്യങ്ങളും ജീവിച്ചുവരുന്നു. പക്ഷികളുമുണ്ട് വരുണസാമ്രാജ്യത്തിൽ. സുവിശാലമായ സമുദ്രത്തിൻെറ മാറിൽ കിടന്ന് ഓളങ്ങൾ അടിച്ചുയൎത്തുന്ന ജലകണങ്ങളുടേയും നുരകളുടേയുമിടയിൽ, മുങ്ങിയും പൊങ്ങിയും കളിച്ചും കുളിച്ചും, ഇടക്ക് വിശാലമായ വിഹായസ്സിൽ വട്ടമിട്ടു പറന്നും ഈ ചെറുജീവികൾ ആഹ്ലാദത്തിൽ ആറാടുന്നു. സമുദ്രത്തിൻെറ ചൈതന്യവും ചലനവും വിശാലതയും വിലാസവും പ്രകൃതി മാതാവിൻെറ ഓമനസന്താനങ്ങളായ ഈ പക്ഷികളിലും പകൎന്നിരിക്കുന്നു.

ഏവൎക്കും കൌതുകത്തെ പ്രദാനംചെയ്യുന്ന ഈ വിഹഗവൎഗ്ഗത്തിൽവെച്ച് ഏററവും വലിയത് ദക്ഷിണധ്രുവസമുദ്രത്തിൽകാണുന്ന ആനറാഞ്ചൻ(Albastross) ആകുന്നു. ഈ പക്ഷിയുടെ വിസ്തൃതങ്ങളായ പക്ഷങ്ങളുടെ ഒരററത്തുനിന്ന് മറെറ അററംവരെ ഏകദേശം പന്ത്രണ്ടടിയോളം നീളമുണ്ടാകുന്നതാണ്. കൊക്കുമുതൽ വാൽവരെ നാലടിയും കാണും. സമുദ്രപ്പരപ്പിൽ സഞ്ചരിക്കുന്ന കപ്പലുകളെ പിന്തുടൎന്നുകൊണ്ട് ഈ പക്ഷികൾ വളരെ ദിവസങ്ങളോളം പറക്കുമെന്നു മാത്രമല്ല, അതിനിടക്ക് എത്രയോ പ്രാവശ്യം, നയനാനന്ദകരമായ രീതിയിൽ അവ കപ്പലിനെ വട്ടം ചുററുകയുംചെയ്യും.

ഈ വൎഗ്ഗത്തിൽപ്പെട്ട മറെറാരു പക്ഷിയാണ് കടൽ പ്രാവ് (Petrel). വെള്ളം തൊട്ടുതൊട്ടില്ല എന്ന രീതിയിൽ കൂട്ടമായി അവ പറക്കുന്നതുകണ്ടാൽ ജലത്തിൻെറ മീതെ അവ ഓടുകയാണൊ എന്നു തോന്നും. ബൈബിൾ കഥയിലെ സെൻറ്പീററർ (St. Peter) എന്ന പേരിൽ നിന്നാണ് ഇവക്ക് "പെററ്റൽ" എന്ന പേർ ലഭിച്ചത്. പ്രസ്തുത വൎഗ്ഗത്തിൽപെട്ട മറെറാരു പക്ഷിയാണ് കോൾപ്രാവ് (Storm Petrel). വാലിൻെറ മുരട്ടിൽ ഒരു വെളുത്തപുള്ളിയുണ്ടെങ്കിലും അതൊഴികെ സൎവ്വാംഗം കറുത്തിരുണ്ട ഒരു ചെറുപക്ഷിയാണിത്. ഭയങ്കരമായ കൊടുങ്കാററ്കൊണ്ടുവരുന്നത് ഈ ചെറുജീവിയാണെന്ന് കപ്പൽക്കാരുടെ ഇടയിൽ ഒരു അന്ധവിശ്വാസമുണ്ട്! യഥാൎത്ഥത്തിൽ കൊടുങ്കാററുവേളയിൽ കടലിന്നു മീതെ ധാരാളമായി പൊന്തുന്ന മത്സ്യങ്ങളേയും മററു പ്രാണികളേയും തിന്നുന്നതിന്നുവേണ്ടിയാണ് അവ ആ സമയത്ത് പറന്നെത്തുന്നത്.

ചുക്കാൻ ചിറകനായ പങ്കായൻ (Penguin)രസാവഹമായ മറെറാരു കടൽപ്പക്ഷിയാണ്. തുഴക്കൈകൾ നീട്ടിക്കൊണ്ട് അവ നടക്കുന്നതുകണ്ടാൽ നീണ്ട അങ്കിധരിച്ച കുറിയവരായ വൃദ്ധന്മാരെപ്പോലെയിരിക്കും. ഇതരപക്ഷികളെപ്പോലെ അവക്ക് അനന്തമായ ആകാശത്തിൽ പറക്കുവാൻ സാധിക്കുകയില്ല. ചിലപ്പോൾ കാലുകളും ചിറകിന്നുപകരമുള്ള തുഴകളും നിലത്തുകുത്തി നാല്ക്കാലികളെപ്പോലെ അവ നടക്കുന്നതുകാണാം. ഈ അപൂർവ്വതരം പക്ഷികൾ വെള്ളത്തിലിറങ്ങിയാൽ, തുഴഞ്ഞും തേവിയും, നീന്തിയും ചാടിയും മുങ്ങിയും പൊങ്ങിയും ഉല്ലസിച്ചുകൊണ്ടിരിക്കും. ഇവയെ പിടിക്കുവാൻ പ്രയാസമില്ല. ധ്രുവസഞ്ചാരികൾ ഇവയുടെ ഇടയിൽ കടന്നുചെന്നാൽ പേടിയില്ലാതെ ഇവ അടുത്തുവരികയും പല ചേഷ്ടകളും കാണിച്ചുകൊണ്ട് അവരെ വളയുകയും ചെയ്യുമത്രെ! തങ്ങളുടെ സ്വന്തം സഹോദരന്മാർ തന്നെയാണ് വന്നിരിക്കുന്നതെന്നായിരിക്കാം ഈ സാധുക്കളുടെ ധാരണ! ഹിമാവൃതമായ പ്രദേശത്ത് പാർക്കുന്ന ഈ പക്ഷികൾ കൂട്ടുകെട്ടാത്തതിൽ അത്ഭുതമില്ല. ശൈത്യാധിക്യത്താൽ മുട്ടകൾ നിലത്തുവെക്കാനും പാടില്ല. അതിനാൽ അവ മുട്ടകളെ കാലിന്മേൽവെച്ചുകൊണ്ടു നടക്കുന്നു. മുട്ടകൾ വിരിഞ്ഞതിന്നുശേഷവും കുഞ്ഞുങ്ങൾ കുറച്ചുകാലം അവിടെതന്നെ കഴിച്ചുകൂട്ടുന്നു. എന്നാൽ എത്രതന്നെ സൂക്ഷിച്ചാലും പലപ്പോഴും മുട്ടകൾ ശൈത്യാധിക്യത്താൽ വിരിയുന്നില്ല.

ഈ വർഗ്ഗത്തോട് വളരെ സാദൃശ്യമുള്ള മറെറാരുതരം പക്ഷിയാണ് കടൽ

"CROWN BRAND" Underwears for You!
WHETHER WAR OR NO WAR.
We are always at your Service
Insist on CROWN BRAND and CROWN BRAND alone
CHEAP AND DURABLE
BEST BY EVERY TEST
Manufactured by:—
MALABAR & PIONEER HOSIERY, LTD.
CHALAPURAM P. O., CALICUT.
SPORTS SHIRTS ARE OUR SPECIALITIES.

ഭൈരി (Frigate bird). എന്നാൽ ഉഷ്ണമേഖലയിലാണ് ഈ പക്ഷിയെ സാധാരണ കണ്ടുവരുന്നത്. സൂര്യപുത്രൻ എന്നൊരു പേരും ഇതിന്നുണ്ട്. പേരുകൊണ്ട് കുലീനനാണെങ്കിലും ഈ പക്ഷി ചെയ്യുവൃത്തിയിൽ അതിസമർത്ഥനാണ്. അലസനായി കാലം കഴിച്ച് മററു പക്ഷികൾ സമ്പാദിച്ച ആഹാരം തട്ടിപ്പറിക്കുകയാണ് അതിൻെറ വിദ്യ.

കടൽക്കിളി (Puffin) എന്നു വിളിച്ചുവരുന്ന മറെറാരുതരം കടൽപക്ഷിയുണ്ട്. വെളുത്ത ഷർട്ടും കറുത്ത കോട്ടും തൊപ്പിയും ധരിച്ചമാതിരിയാണ് പ്രസ്തുത പക്ഷിയുടെ നിറം. മനോഹരമായ ശരൽക്കാലത്തും ഉഗ്രമായ ഗ്രീഷ്മർത്തുവിലും ഈ പക്ഷിയുടെ ചുണ്ടിന്മേൽ കിളികൊക്കുപോലുള്ള ഒരു ചുവന്ന ഉറയുണ്ടാകുന്നു. പക്ഷേ പിന്നീട്ട് അത് കൊഴിഞ്ഞുപോവുകയും ചെയ്യും.

മുങ്ങുന്നതിൽ അതിസമർത്ഥനായ കടൽക്കുളൻ (Guillemot) എന്ന പക്ഷി ഈ വർഗ്ഗത്തിൽ പെട്ടതാണ്. അവയ്ക്കുള്ള കുറിയ ചിറകുകൾ ഇതരപക്ഷികളുടേതുപോലെ പറക്കുവാൻ ഉപയുക്തങ്ങളല്ല. ഈ പുരാതനജാതി ഇന്ന് നാശോന്മുഖമായിരിക്കുകയാണ്.

സാധാരണയായി ഉഷ്ണമേഖലയിൽ കാണുന്ന ഭംഗിയുള്ള ഒരുതരം പക്ഷിയാണ് കടൽ മീവൽ (Tern-Sea Swallow). അററംക്രത്ത നീണ്ടചിറകുകളും രണ്ടായി പിളൎന്നവാലും ഉള്ളതുകൊണ്ടാണ് അതിനെ കടൽ മീവൽ എന്നു വിളിക്കുന്നത്. യഥാൎത്ഥത്തിൽ ഈ പക്ഷി മീവൽ വർഗ്ഗത്തിലെ ഒരംഗമല്ല, കടൽക്കാക്കയുടെ വംശക്കാരനാകുന്നു. കപ്പലിൽ പറന്നുവീണാൽ അവയെ പിടിക്കുവാൻ യാതൊരു പ്രയാസവുമില്ലത്രെ.

വളരെ സാധാരണമായും സമൃദ്ധമായും കടൽതീരങ്ങളിൽ കാണുന്ന ഒരു പക്ഷിയാണ് കടൽകാക്ക. വെണ്മയും മിനുസവും ഉള്ള ഈ പക്ഷിക്ക കാക്ക എന്നു നാമകരണം ചെയ്തത് നിശ്ചയമായും ഒരപരാധംതന്നെയാണ്. ശുഭ്രവർണ്ണത്തോടുകൂടിയ ഈ ജീവിയെ വെള്ളക്കാക്ക എന്നെങ്കിലും വിളിക്കുന്നതായിരിക്കും ഉത്തമം. ഏതു കടൽ പ്രദേശത്തു ചെന്നാലും ഈ പക്ഷിയെ കാണാം. ഹിമാവൃതമായ ധ്രുവപ്രദേശങ്ങളിലും സൂര്യൻെറ തീക്ഷ്ണകിരണങ്ങളേററ് ചുട്ടുപഴുത്തുകിടക്കുന്ന ഉഷ്ണമേഖലയിലും ഈ സമുദ്രസന്താനം സോല്ലാസം ജീവിച്ചുവരുന്നു.

വത്തുകളെപോലെ വെള്ളക്കാക്കയുടെയും വിരലുകൾക്കിടയിൽ തൊലിയുണ്ട്. അതിനാൽ വെള്ളത്തിൽ തുഴഞ്ഞുനീന്തുവാൻ അവയ്ക്കു് നിഷ്പ്രയാസം സാധിക്കുന്നു. ശക്തിയും നീളവുമുള്ള ചിറകുകൾ ഉള്ളതുകൊണ്ട് ഇവക്ക് എത്ര ദൂരമെങ്കിലും പറക്കുകയുംചെയ്യാം. കൊക്കിച്ച ഉറപ്പുള്ള കൊക്കുകളെക്കൊണ്ട് മത്സ്യങ്ങളേയും കക്കകളേയും ഇതരജല ജീവികളേയും പിടിച്ചുതിന്നുവാൻ ഈ പക്ഷികൾക്ക് സാധിക്കുന്നതാണ്.

ചില സമയങ്ങളിൽ അവ കരയിൽ കയറി തുള്ളിനടന്നുകൊണ്ട് പുഴുക്കളേയും മാളത്തിൽ ഓടിമറയുവാൻ കെല്പില്ലാത്ത സാധു ഞണ്ടിൻ കുഞ്ഞുങ്ങളേയും

കൊത്തിവിഴുങ്ങുന്നു. ഉറപ്പുള്ള കക്കകളെ ഉടച്ചുതിന്നുവാൻ അവ കാണിക്കുന്ന ഉപായം അത്ഭുതകരംതന്നെയാണ്. കക്ക കൊത്തിക്കൊണ്ടു് ഉയരത്തിൽ പറന്ന് അവിടെനിന്ന് അതിനെ താഴത്തു പാറമേൽ ഇടുകയാണ് അവയുടെ പതിവു്. ഉടയാത്തപക്ഷം വീണ്ടും കൂടുതൽ ഉയരത്തിൽ പറന്ന് ഈ വിദ്യ ആവൎത്തിക്കും. തുറമുഖങ്ങളിലും കപ്പൽ സങ്കേതങ്ങളിലും ഈ പക്ഷികളെ സുലഭമായികാണാം. കപ്പലുകളിൽനിന്നു എറിയുന്ന എച്ചിലും കുപ്പയും തിന്നുകൊണ്ടു് അവ ചിലപ്പോൾ അനേകംനാഴിക യാത്രചെയ്യുന്നു. ചില ഋതുക്കളിൽ ഈ പക്ഷികളുടെ തൂവൽ പൊഴിഞ്ഞു പുതിയ തൂവലുകൾ വരുന്നു. ശൈത ഋതുവിൽ തൂവലുകളൊക്കെ വെള്ളയായിരിക്കും. എന്നാൽ സന്താനോൽപ്പാദന കാലമായ ശരൽകാലത്തു അവയുടെ തലയിൽ തവിട്ടുനിറത്തിലുള്ള തൂവലുകൾ വളരുന്നു.

ഇവ പ്രാടനപക്ഷികളാണ്. കൂടുകെട്ടുന്നതും മുട്ടയിടുന്നതുംകരയിൽതന്നെ. ഇതിന്നുവേണ്ടിയും ആഹാരസൌകൎയ്യം നോക്കിയും ദ്വീപാന്തരങ്ങളിലേക്കും തുരുത്തുകളിലേക്കും അവ സംഘം സംഘമായി പൎയ്യടനംചെയ്യുന്നു. ഇപ്രകാരം ഒരിടത്തു് അസംഖ്യം പക്ഷികൾ വന്നു ചേൎന്നാൽ പിന്നെ അവിടെ ഉണ്ടാകുന്ന കുഴപ്പവും കോലാഹലവും അവൎണ്ണനീയംതന്നെയായിരിക്കും. ഒന്നാമതായി കൂടുകെട്ടുവാനുള്ള സ്ഥലം കണ്ടുപിടിക്കുന്നതിന്നുള്ള തിരക്ക്. ചിലപ്പോൾ ഒരേ സ്ഥലത്തിന്നുവേണ്ടി അന്യോന്യം വഴക്കടിക്കുന്നതും കാണാം. പിന്നീട് കൂടു പണിയുന്നതിന്നായി കടൽചമ്മിയും പാട്ടപ്പുല്ലും മററു കടൽച്ചെടികളും കൊത്തിക്കൊണ്ടുവരുന്നു. വെള്ളക്കാക്കകൾ പലജാതിയുണ്ടു്. ചിലതു് നിലത്തു് പൂഴിയിൽതന്നെ മുട്ടയിടുന്നു. മുട്ടകൾ പച്ചനിറത്തിൽ കറുത്തകുത്തുകളുള്ളവയാണ്. ഒരു പക്ഷിതന്നെ രണ്ടും മൂന്നും മുട്ടകളിടും. കുറച്ചുമാസങ്ങൾ കഴിഞ്ഞു് മുട്ടകൾ വിരിഞ്ഞാൽ അവിടുത്തെ കോലാഹലം പൂൎവ്വാധികംവൎദ്ധിക്കുന്നു. ഒരു ഭാഗത്തു് നീഡസ്ഥരായ പെരുപക്ഷികൾ ആഹാരത്തിന്നായി ഇടമുറിയാതെ മുറവിളികൂട്ടുന്നു; മറെറാരുഭാഗത്തു് തള്ളകളും തന്തകളും കുഞ്ഞുങ്ങൾക്ക് ആഹാരമന്വേഷിച്ചുകൊണ്ടു ഉത്സാഹഭരിതരായി അങ്ങുമിങ്ങും പറക്കുന്നു.

പക്ഷികളെല്ലാം സ്വഭാവേന ആനന്ദോപജീവികളാണ്. ആഹാരംതേടിയും ആകാശത്തിലുയൎന്നും, വൃക്ഷങ്ങളിലിരുന്നും, യഥേഷ്ടം ക്രീഡിച്ചും കൂജനംചെയ്തും അവ അല്ലലറിയാതെ കാലം കഴിക്കുന്നു. കാലാവസ്ഥകളുടെ കാഠിന്യം കൂടുതൽ കാണുന്ന കടലിൽപോലും അവയുടെ ഉത്സാഹത്തിന്നോ സന്തോഷത്തിന്നോ ഭംഗമില്ല. ഭൂമിയുടെ ആശ്രയമില്ലാതെ ദേഹത്തിൻെറ ഭാരം സ്വയംവഹിച്ചുകൊണ്ടു് വായുവിൽകൂടി ഗമനംചെയ്യുന്ന ഈ ജീവികൾക്ക് ജീവിതക്ലേശം കുറഞ്ഞുകാണുന്നതു് നീതിമതിയായ പ്രകൃതിമാതാവിൻെറ കരുണാവൈഭവം എന്നേ പറയേണ്ടതുള്ളു.

മലയാള ഭാഷാഭ്യസനം

VI
വാക്യരീതി

കെ. കുര്യാക്കോസ്, തോട്ടുങ്കൽ, എം. എ., എൽ. ററി.

കഥയോളമോ ഖണ്ഡികയോളമോ ആശയപൂർണ്ണതയില്ലെങ്കിലും, വാക്യവും പൂർണ്ണമായ ഒരാശയത്തെ വഹിക്കുന്നതാണല്ലൊ. പദാൎത്ഥങ്ങളൊ ചിത്രങ്ങളൊ മററൊ കാണിച്ച് സംഭാഷണം നടത്തി, വിദ്യാൎത്ഥികളിൽ ശരിയായ ആശയബോധമുളവാക്കിയതിനുശേഷം, ആ ആശയത്തെ വഹിക്കുന്ന ഒരുവാക്യം വിദ്യാൎത്ഥികളുടെ സഹകരണത്തോടുകൂടി രൂപവൽക്കരിച്ച് ബോഡിൽ എഴുതിവായിപ്പിക്കുകയും, പിന്നീട് അതിലെ ഓരോ പദവും പ്രത്യേകം പറയിച്ച് ആ പദങ്ങൾ തിരിച്ചറിയാനും വായിക്കാനുമുള്ള പരിചയം വരുത്തുകയുംചെയ്യുന്നു.

ഈ രീതിപ്രകാരം ബോധനം നടത്തുന്നതിൽ പ്രധാനമായി അറിഞ്ഞിരിക്കേണ്ട സംഗതികൾ വാക്യരൂപവൽക്കരണം, പദപരിചയം, അക്ഷരജ്ഞാനം ഇവയാകുന്നു. വാക്യം രൂപവൽക്കരിക്കേണ്ടതു് പദാൎത്ഥങ്ങളൊ ചിത്രമൊ മററൊ കാണിച്ച് സംഭാഷണം നടത്തിയാണെന്നു മുൻപു പറഞ്ഞിട്ടുണ്ടെങ്കിലും ചില ഉദാഹരണങ്ങൾകൊണ്ടു് ആ ഭാഗം ഒന്നുകൂടി വ്യക്തമാക്കേണ്ടിയിരിക്കുന്നു.

"കണ്ണാടിയിൽ ഛായകാണാം"

എന്ന ഒരു വാക്യമാണു് ഉദ്ദേശ്യമെന്നിരിക്കട്ടെ. കണ്ണാടി ക്ലാസ്സിൽകൊണ്ടുവരികയും മുഖംനോക്കിക്കുകയും ചെയ്താൽ മേൽപറഞ്ഞ വാക്യം കുട്ടികൾക്കു പറയുവാൻ വിഷമമുണ്ടാകയില്ല; കണ്ണാടിയിൽ കാണുന്ന രൂപത്തിനു് "ഛായ" എന്നു പറയും എന്ന സംഗതി പറഞ്ഞുകൊടുക്കേണ്ടിവന്നേക്കാം എന്നേയുള്ളു. പഞ്ചസാരകൊടുത്തു രുചിച്ചുനോക്കിച്ചു "പഞ്ചസാരയ്ക്കു് മധുരം ഉണ്ടു്" എന്ന വാക്യംവരുത്താനും ക്ലേശമുണ്ടാവില്ല. കണ്ണാടിയിൽ ഛായകാണുന്നതിനു്, ഒരു വശത്തു് രസംതേച്ചിരിക്കുന്ന സംഗതിയും, അങ്ങനെ ചെയ്യാത്തകണ്ണാടിയിൽകൂടി നോക്കിയാൽ ഛായ കാണുകയില്ലെങ്കിലും കണ്ണാടിക്കപ്പുറത്തുള്ള വസ്തുക്കൾ കാണാമെന്ന സംഗതിയും മററും സംഭാഷണത്തിനു വിഷയമാക്കാവുന്നതും, ആ സംഭാഷണംമൂലം "ഛായ" എന്ന പദം ശ്രവണപരിചിതമാക്കിത്തീൎക്കാവുന്നതുമാണു്. പഞ്ചസാരയുടെ കാൎയ്യത്തിലും, അതു് എന്തിൽനിന്നുകിട്ടുന്നു, എന്തിനെല്ലാം ഉപയോഗിക്കുന്നു എന്നിങ്ങനെയുള്ളതിനെ അടിസ്ഥാനമാക്കി സംഭാഷണം നടത്താം. വസ്തുക്കളുടെ ആകൃതി, ഗുണങ്ങൾ, ഉപയോഗങ്ങൾ മുതലായവയിൽ ഏതെങ്കിലും ഒന്നിനെ ആശ്ര

യിട്ട് വാക്യം രൂപവൽക്കരിക്കാം. ഒരു വസ്തുവെപ്പററിത്തന്നെ ഒന്നിലധികം വാക്യങ്ങൾ അടുത്തടുത്ത ദിവസങ്ങളിലായി പ്രകാശിപ്പിക്കുന്നതിലും വിരോധമില്ല.

ചിത്രങ്ങൾമൂലം വാക്യം രൂപവൽക്കരിക്കുന്നതിൽ കുറച്ചുകൂടി ശ്രമം വേണ്ടിവരും. "അമ്മ വെള്ളംകോരുന്നു"എന്ന വാക്യംവരുത്താൻ ഉപയോഗിക്കുന്ന ചിത്രം ഏതുമാതിരിയിലുള്ളതായിരിക്കണമെന്നു നോക്കുക. "ഭൂമതേടും തൻ പാള കിണററിലിട്ടോമൽകൈയാൽ കയറുവലിക്കുന്ന"ഒരു കോമളാംഗിയെ ചിത്രത്തിൽ കണ്ടാലും അത് അമ്മയാണെന്നുള്ള ബോധം ഉണ്ടാകയില്ല. അവരുടെ ഉടുപുടവത്തുമ്പിൽത്തൂങ്ങി ഒരു ശിശുവുംകൂടിയുണ്ടായിരുന്നാലേ ഇതു സാധിക്കൂ. ഒരു വലിയ തടിയുടെ അഗ്രത്തിൽ കെട്ടിയിരിക്കുന്ന വള്ളി കടിച്ചുപിടിച്ചുകൊണ്ടുനിൽക്കുന്ന ഒരു ആനയുടെ ചിത്രംമൂലം "ആന തടിവലിക്കുന്നു"എന്ന വാക്യംവരുത്തുവാൻ

പുനന്നവ ഗ്രന്ഥാവലി

1. പടനായകന്റെ ദുർമ്മരണം.

വാസ്തവസംഭവങ്ങളായ മൂന്നു ഭയാനക പ്രേതകഥകൾ. (1) പടനായകന്റെ ദുർമ്മരണം (2) ഒരു പ്രേതഘാതകൻ (3) ഒളിച്ചുവെച്ച പാപനിവേദനം. (വില അണ 3.

2. പ്രകൃതിവിജ്ഞാനം പുസ്തകം 1

ആപാദചൂഡം ആസ്വാദ്യമായ ശാസ്ത്രതത്വശകലങ്ങൾ. (1) പ്രകൃതിയുടെ പാഠങ്ങൾ (2) വിഷജന്തുക്കൾ (3) സൌന്ദര്യം.
(വില ക. 1.

3. പ്രകൃതിവിജ്ഞാനം പുസ്തകം 2

ചില സാധാരണ ജീവികളുടെ അൽഭുത ജീവചരിത്രവും മററും രസകരമായി എഴുതിയതു. (1) ചെറുകാട (2) മാന്തളിർ (3) പൊടി (4) പൂച്ചയും മൂങ്ങയും (5) കടുക്ക (6) ആരൽ. (വില അണ 6.

4. ശൈശവചിത്രങ്ങൾ

നിത്യജീവിതത്തിലെ അനുഭവങ്ങൾ തുള്ളിത്തുളുമ്പുന്ന നാലുഖണ്ഡനാടകങ്ങൾ.
(വില അണ 6.

(1) വേണുവിന്റെ വികൃതി (2) കേശവന്റെ ആജ്ഞാലംഘനം (3) മാധവനും മനസ്സാക്ഷിയും (4) വലിയേട്ടന്റെ വരവ്.
(വില അണ 6.

5. പ്രകൃതിവിജ്ഞാനം പുസ്തകം 3

രണ്ടു സാധാരണ ജീവികളുടെ അൽഭുത ജീവചരിത്രം വളരെ രസകരമായി വൎണ്ണിച്ചിട്ടുള്ളതു്. (1) ഞണ്ടു് (2) തവള.

6. രണവും രാഗവും.

ഒരു നോവലിനേക്കാൾ രസകരമായി വൎണ്ണിച്ചിട്ടുള്ള പ്രകൃതിയിലെ ചില സംഭവങ്ങൾ. (വില അണ 6.

(1) മുതഹ്ദത്തിലെ കൈവത്തൻ (2) പൂച്ചയും മൂങ്ങയും (3) പറിച്ചതു പയററി (4) ഉഗ്രരാജന്റെ കുടുംബജീവിതം.

6 പുസ്തകത്തിനു 2—11—0. ആറുംകൂടി എടുത്താൽ 2—0—0. 10 കക്കു ഒന്നായി വാങ്ങുന്നവൎക്കു നല്ല കമീഷൻ കൊടുക്കുന്നതാണ്

എമ്പയർ പ്രസ്സ്, കോഴിക്കോട്.

സാധിക്കുമെങ്കിലും "തവള ചാടുന്നു"എന്ന വാക്യംവരുത്താൻ ഒരു ചിത്രം അത്രത
ന്നെ പര്യാപ്തമായിരിക്കയില്ല.

വസ്തുക്കളും അവയുടെ മാതൃകകളും ചിത്രങ്ങളും ഉപയോഗിച്ച് വാക്യരൂപ
വൽക്കരണം സാധിക്കുന്നതുപോലെതന്നെ ഈ ഉപകരണങ്ങളൊന്നുംകൂടാതെയും
ചില വാക്യങ്ങൾ നിർമ്മിപ്പിക്കാൻ കഴിയും. കുട്ടികൾക്ക് അത്യന്തം പരിചിതങ്ങളാ
യ വല്ല ജന്തുക്കളേയും (നായ, കോഴി, പൂച്ച) കുറിച്ചോ അവക്ക് പ്രിയതരങ്ങളായ
കളികളെക്കുറിച്ചോ മറ്റോ വാക്യം നിർമ്മിപ്പിക്കുവാൻ ഉപകരണങ്ങളൊന്നും കൂടാ
തെയും സാധിക്കുന്നതാണ്. അവിടെയും ചിത്രാദികൾ വർജ്ജ്യമല്ലതാനും.

വാക്യരൂപവൽക്കരണത്തിന്റെ പ്രാരംഭം ഒരു കഥയായിരിക്കരുതോ ?
രസകരമായ ഒരു കഥ വർണ്ണിച്ചുകേൾപ്പിച്ച് ആ കഥയിലെ പ്രധാനപാത്രത്തെയൊ
പ്രധാന സംഭവത്തെയൊ ആ കഥയുടെ സാരത്തെത്തന്നെയൊ കുറിച്ചുള്ള ഒരു വാ
ക്യം രൂപവൽക്കരിക്കുന്നതിൽ അബദ്ധമുണ്ടോ? ആലോചിച്ചുനോക്കിയാൽ ഈ മ
ട്ടിൽ വാക്യം നിർമ്മിക്കാൻ കഴിയുമെങ്കിൽ, അതാണ് ഏററവും അഭികാമ്യം എന്നു
പറയേണ്ടിവരും.

"ഭീമന്റെ ഗദ ഭയങ്കരമാണ്"

എന്ന വാക്യം നിർമ്മിക്കുന്നതു് 'ഗദാ ധാരിയായിനില്ക്കുന്ന ഭീമന്റെ ചിത്രംമൂലം
സാധിക്കുന്നതിനേക്കാൾ നല്ലതു്, ഭീമൻ തന്റെ ഗദകൊണ്ടടിച്ച് ഒരു മഹാരാക്ഷ
സനെക്കൊന്ന കഥ സരസമായിപ്പറഞ്ഞുകേൾപ്പിച്ചിട്ട് ആ കഥയിൽനിന്ന് ഈ
വാക്യം വരുത്തുകയാണെന്നുള്ളതിൽ ആർക്കും എതിരഭിപ്രായമുണ്ടാകുമെന്നുതോന്നു
ന്നില്ല. ഇപ്രകാരം കഥയിൽനിന്ന് വാക്യരൂപവൽക്കരണം നടത്തുമ്പോൾ അവി
ടെ കഥാരീതിയുടെ അംശംകൂടികലരുന്നു എന്ന ഗുണമുണ്ട്. കഥാരീതിയിൽ,
പറഞ്ഞുകേൾപ്പിക്കുന്ന കഥയുടെ പ്രധാനഭാഗങ്ങൾ നാലഞ്ചു വാക്യമായി എഴുതു
ന്നു; വാക്യരീതിയിലാകട്ടെ, കഥയുടെ പ്രധാനഭാഗത്തെ അടിസ്ഥാനമാക്കി ഒരു വാ
ക്യംമാത്രം എഴുതുന്നു, എന്ന ഒരു ഭേദംമാത്രമേ ഉണ്ടായിരിക്കൂ.

ഏതു വിധത്തിലെങ്കിലും വാക്യം രൂപവൽക്കരിച്ച് കഴിഞ്ഞാൽ പിന്നെ
ആ വാക്യത്തിലെ ഓരോപദങ്ങളിലേക്കും വിദ്യാർത്ഥികളുടെ ശ്രദ്ധയെ നയിക്കുകയാ
ണ് ആവശ്യം. "കണ്ണാടിയിൻ ഛായകാണാം"എന്ന വാക്യംതന്നെ എടുക്കാം. ഈ
വാക്യം ബോർഡിൽ എഴുതിവായിപ്പിച്ചതിനുമേൽ; "കണ്ണാടിയിൽ—ഛായ—കാ
ണാം"എന്നിങ്ങനെ പദങ്ങൾ അല്പം വിട്ടുവിട്ട് ഉച്ചരിക്കുകയും അതതുച്ചാരണ
ത്തിന്റെ പദം അദ്ധ്യാപകൻ തൊട്ടുകാണിച്ചുകൊണ്ടിരിക്കുകയുംചെയ്യണം. വാക്യം
ബോർഡിൽ എഴുതിയിരിക്കുന്നതുതന്നെ പദങ്ങൾ തമ്മിൽ അല്പം അകലത്തിലായി

രിക്കണം. എഴുത്തിൽ വേർതിരിഞ്ഞുകാണുന്ന പദങ്ങൾ ഉച്ചാരണത്തിലും വേർതിരിഞ്ഞു കേൾക്കുമ്പോൾ ഈ വാക്യത്തിൽ മൂന്നു ഭാഗങ്ങൾ ഉണ്ട് എന്ന ബോധം കുട്ടികളിൽ ജനിച്ചുകൊള്ളും. "പല പദങ്ങൾ ചേൎന്നതാണു് വാക്യം, ഈ വാക്യത്തിൽ മൂന്നുപദങ്ങളുണ്ടു്" എന്നും മററും ശിശുക്കളോട് പ്രസംഗിക്കുവാൻ പുറപ്പെടേണ്ടതില്ല. "കണ്ണാടിയിൽ" എന്നുച്ചരിച്ച് ആ പദം തൊട്ടുകാണിക്കുക, "ഛായ" എന്നുച്ചരിക്കുമ്പോൾ ആ പദം എഴുതിയതു്, "കാണാം" എന്നുച്ചരിക്കുമ്പോൾ ആയതിന്റെ ലിപികൾ ഇങ്ങനെ തൊട്ടുകാണിച്ചുകൊണ്ടുള്ള വായനയിൽനിന്നുണ്ടാകുന്ന പദബോധം മാത്രം മതിയാകും. വീണ്ടും അദ്ധ്യാപകൻ "കണ്ണാടിയിൽ" എന്നുച്ചരിച്ചശേഷം "അതു് എഴുതിയിരിക്കുന്നതു കാണിക്കുക" എന്നു് നിർദ്ദേശിച്ചാൽ കുട്ടികൾ പദം ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും. ഇങ്ങനെ എല്ലാ പദങ്ങളും നിശ്ചയം വന്നു കഴിഞ്ഞാൽ പിന്നെ ഓരോ പദവും എടുത്തു് അക്ഷരങ്ങളായിതിരിച്ചു മനസ്സിലാക്കുകയായി. ഈ ഭാഗം പദരീതി എന്നു പറയപ്പെടുന്ന ബോധനപദ്ധതിയിൽനിന്നു അഭിന്നമാകയാൽ ഈ ഭാഗത്തിന്റെ പ്രയോഗം പദരീതിയെക്കുറിച്ചു വിവരിക്കുന്നിടത്തു വിശദമാക്കാം. (തുടരും)

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

കേരള മാച്ച് ഫാക്ടറി, പൊന്നാനി, S മലബാർ.

ബാബാ മുഹമ്മദ് അബ്ദുൽഖാദിർ ഒലിയുള്ള എന്ന

മഹാനന്ദ ഒലിയുള്ള സ്വാമിജി

(തുടർച്ച)

ഖാൻസാഹിബ് കെ. ഹാഷിം

ബാബാ ഒലിയുള്ള അസാധാരണ ശക്തിവിശേഷത്തോടുകൂടിയ ഒരാളാണെന്നും, സ്ഥലകാലങ്ങളുടെ പരിധിക്കു വിധേയനല്ല അദ്ദേഹമെന്നും സംശയം വിനാ പ്രത്യക്ഷപ്പെടുത്തുന്ന ഇത്തരം പല സംഗതികളും കുറിക്കുവാനുണ്ട്. ഭൂതവർത്തമാനഭാവികാലങ്ങൾ, തുറന്നുവെച്ച ഒരു പുസ്തകംപോലെയാണദ്ദേഹത്തിന്ന്. എന്നാൽ, തങ്ങളുടെ ഭാവിയെപ്പററി അറിയുവാനൊ വല്ല ആഗ്രഹവും സാധിക്കുവാനൊ അദ്ദേഹത്തെപ്പററിയ കഥകളുടെ വാസ്തവം പരീക്ഷിച്ചറിയുവാനൊ അദ്ദേഹത്തിന്നടുത്തു ചെല്ലുന്നവർക്കു ഇച്ഛാഭംഗമാണനുഭവം. അന്യരെ സംതൃപ്തരാക്കുന്നതിന്നൊ തന്നിൽ വിശ്വസിപ്പിക്കുന്നതിന്നൊ വേണ്ടിയല്ല അദ്ദേഹം അമാനുഷികത്വം പ്രകടിപ്പിക്കുന്നതു്. ജിജ്ഞാസുകളെ തൃപ്തരാക്കാനൊ അവിശ്വാസികളുടെ പരീക്ഷണങ്ങൾക്കു വിധേയനാകാനൊ അദ്ദേഹം ഒരുക്കമല്ല. തന്റെ വി



ശ്വസ്തഭക്തന്മാരുടെ സേവനാർത്ഥം പ്രവർത്തിക്കുമ്പോൾ ചില സന്ദർഭങ്ങളിൽ അവിചാരിതമായി അദ്ദേഹത്തിന്റെ ശക്തിവിശേഷം ബഹിർസ്ഫുരിക്കുന്നുവെന്നേയുള്ളു. അദ്ദേഹം ഒരു ജ്യോതിഷിയൊ മന്ത്രവാദിയൊ ആഭിചാരപ്രവർത്തകനൊ അല്ല. ലോകത്തിലേക്കൊരു സന്ദേശവും ജീവിതത്തിൽ ഒരു ഉദ്ദേശവും വഹിച്ചുകൊണ്ടുള്ള ഒരു മഹാൻ മാത്രമാണദ്ദേഹം—സാക്ഷാൽക്കരണം സാധിച്ച ഒരു ജീവൻ.

ദൈവസാക്ഷാൽക്കാരമാണ് ജീവിതലക്ഷ്യം എന്നതു സകല മതങ്ങളും ഒരുപോലെ പ്രഖ്യാപിക്കുന്നതാണ്. മനുഷ്യന്റെ ബോധനസ്തൂതീതനായ ഒരുതരം അസാധാരണ ശക്തിവിശേഷം മാത്രമാണ് ദൈവം. വളരെ ചുരുക്കംപേ

ർ മാത്രമാണ് മായയെ അതിലംഘിച്ച് ദൈവത്തെ സാക്ഷാൽക്കരിച്ചിട്ടുള്ളവർ. അതിലും എത്രയോ ചുരുക്കംപേർമാത്രമാണ് സാക്ഷാൽക്കാരത്തിനുശേഷവും ലോകത്തിൽ ജീവിച്ച്, ഇരുട്ടിൽ തപ്പിത്തടയുന്ന ജനതയ്ക്ക് ആത്മീയപുരോഗതിയിലേക്കുള്ള വഴി കാട്ടുന്ന ദീപമായി പ്രശോഭിച്ചിട്ടുള്ളവർ. അത്തരം അസാധാരണ വ്യക്തികളിൽ ഒരാളാണ് ബാബാ ഒലിയുള്ള എന്നാണ് തോന്നുന്നത്. അദ്ദേഹത്തെപ്പററിയേടത്തോളം ദൈവം ബോധാതീതനല്ല. വിദ്യുച്ഛക്തിവിളക്കുകളാൽ പ്രശോഭിതമായ ഒരു പട്ടണത്തിൽ വിവിധ ഇനങ്ങളിലും വർണ്ണങ്ങളിലുംപെട്ട വിളക്കുകളുണ്ടായിരിക്കുമല്ലോ; ഒററക്കും കൂട്ടായുമുള്ള ബൾബുകളുണ്ടായിരിക്കും.



സ്ത്രീകൾക്കു സഹജമായുണ്ടാകാറുള്ള എല്ലാ സുഖക്കേടുകളും ലോധ്ര സേവിച്ചു സുഖപ്പെടുത്തുക. ലോധ്ര ആരോഗ്യത്തെയും യൌവ്വനത്തെയും വീണ്ടെടുത്തു സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു.

കേസരികുടീരം ലിമിററഡ്, മദിരാശി.

വലിപ്പത്തിലും ആകൃതിയിലും വ്യത്യാസമുണ്ടായിരിക്കും; ചിലതു മങ്ങിയതും, ചിലതു പ്രകാശമാനവും മററു ചിലതു ജാജ്വല്യമാനവുമായിരിക്കും. എങ്കിലും, ഓരോ ബൾബും മററുള്ളവയിൽനിന്നു എത്രതന്നെ വ്യത്യസ്തമാണെങ്കിലും, ഒരേ ഒരു കേന്ദ്രത്തിൽനിന്നു വരുന്ന ഒരേ ശക്തിയാണ് അവ മുഴുവൻ പ്രകാശിപ്പിക്കുന്നതു്; ദൃഷ്ടിഗോചരമല്ലാത്ത ശക്തിയുടെ ബഹിർസ്ഫുരണമാണ് ദൃഷ്ടിഗോചരമായ ബൾബിൻെറ പ്രകാശം; ദൃഷ്ടിഗോചരമായ പ്രകാശത്തിൻെറ അന്തർസ്ഥിതിയാണ് ദൃഷ്ടിഗോചരമല്ലാത്ത ശക്തി. അതുതന്നെയാണ് മനുഷ്യനെപ്പററിയും ഉള്ള വാസ്തവം.

ഈ ലോകത്തിലെ ശബ്ദായമാനമായ ബഹളത്തിൽ നിന്നൊഴിഞ്ഞു, വിഭൂതി ധരിച്ചു, ദിഗംബരനായി ഭയങ്കരമായ വനാന്തരങ്ങളിലൊ അത്യുന്നതമായ പർവ്വതശിഖരങ്ങളിലൊ ഏകാകിയായി, മൌനിയായി, സ്വാത്മാവിനെ ക്ലേശങ്ങൾക്കും വേദനകൾക്കും വിധേയനാക്കിവേണം വിശ്വവ്യാപിയായ ആത്മാവിനെ സാക്ഷാൽക്കരിക്കുവാൻ എന്നാണ് പൌരാണിക യോഗികളുടെയും സന്യാസിമാരുടെയും ഋഷികളുടെയും ഉപദേശങ്ങളെയും തപശ്ചര്യയേയും അടിസ്ഥാനമാക്കിയുള്ള പൊതുവിശ്വാസം. ബാബാ ഒലിയുള്ള ഈവിധം വിശ്വാസത്തെ അപലപിക്കുകയാണ് ചെയ്യുന്നതു്. തൻെറ അഭിപ്രായത്തെ അദ്ദേഹം സാധാരണ മട്ടിൽ ചെറിയൊരു കഥമുഖേന വിവരിക്കുന്നുണ്ട്. മഹാനായ ഒരു ഒലിയോടു ഒരു തത്വാന്വേഷി ഒരിക്കൽ ചോദിച്ചു തനിക്കു എവിടെ ദൈവത്തെ ദർശിക്കാമെന്ന്. പശ്ചിമഭാഗത്തു അതിദൂരെ ഒരു നിശ്ചിതസ്ഥലത്തന്വേഷിക്കുവാൻ ഒലി ആയാളോടു കല്പിച്ചു. തത്വാന്വേഷി അവിടെച്ചെന്നന്വേഷിച്ചപ്പോൾ അവിടെ ഒലിയെ മാത്രമാണ് ദർശിച്ചതു്. ആയാൾ വീണ്ടും ചോദിച്ചപ്പോൾ അവിടുന്നു കുറേയധികം പടിഞ്ഞാറൊരിടത്തന്വേഷിക്കുവാൻ ഒലി ആജ്ഞാപിച്ചു. അവിടെയും ആയാൾ ചെന്നന്വേഷിച്ചു; അവിടെയും ഒലിയെ മാത്രമാണദ്ദേഹം കണ്ടതു്. പല വട്ടവും ഈ അന്വേഷണവും ഒലിദർശനവും നടന്നു. ഒടുവിൽ വിരസനായിത്തീർന്ന തത്വാന്വേഷി ഒലിയോടാക്ഷേപം പ്രകടിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "താങ്കൾ എത്രയെത്ര നാഴിക ദൈവത്തെ അന്വേഷിച്ചു നടന്നാലും ഒരിക്കലും ദൈവത്തെ ദർശിക്കുന്നതല്ല. അപ്പോഴെല്ലാം ദൈവം താങ്കളിലും താങ്കളോടൊപ്പവുമുണ്ട് പക്ഷെ താങ്കൾ ആ വാസ്തവത്തിന്മേൽ കണ്ണടച്ചു ലോകത്തിൽ ചുററിത്തിരിയുന്നു. എന്തിന്നെ അന്വേഷിക്കുവാൻ? താങ്കളെത്തന്നെ. താങ്കൾ സ്വഗൃഹത്തിൽ പത്നിയുടെയും മക്കളുടെയും സമീപത്തേക്കു മടങ്ങിച്ചെന്നു കണ്ണു മിഴിച്ചു നിങ്ങളിലും ചുററുപാടും അന്വേഷണദൃഷ്ടി പായിക്കുക; അപ്പോൾ താങ്കൾക്കു ദൈവത്തെ ദർശിക്കാറാകും." ബാബാ ഒലിയുള്ള ചോദിക്കുന്നു:—"സ്വന്തം കയ്യിലുള്ളതിനെ കാണുന്നില്ലെന്നു നിങ്ങളെന്തി

ന്നു കൈ മടക്കിപ്പിടിച്ചു പുറമെ അന്വേഷിച്ചു പരവശനാകുന്നു?" ദൈവസാക്ഷാല്ക്കാരത്തിന്നായി ആത്മത്യാഗം അനുഷ്ഠിക്കുന്നതു് അസംബന്ധമാണെന്നു അദ്ദേഹം നിർദ്ദേശിക്കുന്നു. ഒരേ ഭാവത്തിൻെറ രണ്ടു രൂപങ്ങളാണ് ദൈവവും മനുഷ്യനും എന്നിരിക്കെ, ആത്മത്യാഗവും ക്ലേശതരമായ തപോനുഷ്ഠാനങ്ങളും ദൈവത്തെ തന്നിലേക്കു കൂടുതൽ അടുപ്പിക്കുവാൻ പര്യാപ്തമാകുന്നതല്ല. ദൈവത്തെ സാക്ഷാൽക്കരിക്കണമെങ്കിൽ നാം നമ്മെത്തന്നെ അറിഞ്ഞിരിക്കണം. മനുഷ്യനെ പരിസരങ്ങളിൽനിന്നെടുത്തു നീക്കി മറെറാരിടത്തു മറെറാരു പരിതസ്ഥിതിയിൽ നിൎത്തുന്നതുകൊണ്ടു് യാതൊരാവശ്യവുമില്ല, കാരണം മനുഷ്യൻ എവിടെ നിലകൊള്ളുന്നു അവിടെയാണവൻെറ ലോകം. സ്വാത്മാവിൻെറ അസാംഗത്യമാണാവശ്യം; ആത്മാവിനെ പ്രത്യക്ഷപ്പെടുത്തിയാൽ മാത്രമെ അതിൻെറ അസാംഗത്യം സാധിതമാവുകയുള്ളൂ—അതായതു്, താൻ ജനിച്ചു വളൎന്ന പരിതസ്ഥിതിയിലും പരിസരങ്ങളിലുംവെച്ചു മാത്രം. (തുടരും.)

Use "CROWNBRAND TILES"

Managing Proprietor:—
P. K. NAIR.

REGD
TRADE MARK
Estd. 1920.

Tele | gram: NAIR, FEROKE
| Phone: 70, Calicut.

Sales Depot & Branch Office at Wolfendhol Street, Colombo

14" gauge

Perfect Model

Best quality "Crown" brand roofings and other tiles
Strong, light & non-porous.
Largely used throughout INDIA, BURMA, CEYLON & F. M. S.

Manufactured by:—
The Malabar Tile Works,
FEROKE, S. Malabar.

നൊഴമ്പ്

വാരിയത്ത് കുട്ടിരാമമേനോൻ

വേനൽക്കാലത്തു് മിക്ക പ്രദേശങ്ങളിലും പകൽ മുഴുവൻ നമ്മുടെ തലക്കുചുററും പറന്ന് കണ്ണിലും മൂക്കിലും കയറി ശല്യമുണ്ടാക്കുന്ന വളരെ ചെറിയ, ഒരു കടുകിൻമണിയെക്കാൾ എത്രയോ ചുരുങ്ങിയ പരിമാണത്തിലുള്ള കറുത്ത ഒരുതരം ഈച്ചയെയാണു നാം നൊഴമ്പ് അല്ലെങ്കിൽ തന്നീച്ച എന്നു പറയുന്നതു്. ഇതു് നമുക്കുണ്ടാക്കുന്ന ശല്യത്തെക്കാൾ എത്രയോ അധികം ദ്രോഹം കന്നുകാലികൾക്കുചെയ്യുന്നു. അല്ലെങ്കിൽതന്നെ അവയുടെ (കന്നുകാലികളുടെ) ജീവിതം സുഖഭൂയിഷ്ഠമാണെന്നു പറയുവാൻ പാടില്ല. അതു നരകതുല്യമാക്കുവാൻ സഹായിക്കുന്ന ഈ ജീവിയെ നശിപ്പിക്കുന്നതു അവയ്ക്കെന്നപോലെ നമുക്കും വളരെ ആവശ്യമാണെന്നു ആരും സമ്മതിക്കുന്നതാണ്. പക്ഷെ അവയെ എങ്ങിനെയാണ് നശിപ്പിക്കേണ്ടതു്? പലരും പലവിദ്യയും നോക്കാറുണ്ടു്. സാധാരണയായി രാത്രിസമയങ്ങളിൽ അവ തൂങ്ങിനില്ക്കുന്ന വള്ളികളിന്മേൽ പററിക്കൂടുന്നു. അപ്പോൾ ഒരു ദീപമെടുത്തു ആ വള്ളിയുടെ ചോടെ കാണിച്ചാൽ തീജ്വാലയിൽ മിക്കതും കരിഞ്ഞുവീഴും. ഒരു കററവാഴ പറിച്ചു് അതു് നമ്മുടെ വീട്ടിനുള്ളിൽ കെട്ടിത്തൂക്കുന്നതായാൽ അതിൻെറ തണുപ്പുകൊണ്ടോ മറേറതു കാരണത്താലൊ കയറിലും മററു വരണ്ട സാധനങ്ങളിലും വന്നിരിക്കുന്നതിനേക്കാൾ അധികം ഈച്ചകൾ അതിന്മേൽ വന്നിരിക്കുന്നു. അപ്പോൾ അതിൽ തീ കാണിക്കുന്നതായാൽ വളരെ അധികം ഈച്ചകളെ ഒന്നായി നശിപ്പിക്കാം. പക്ഷേ എത്ര ഈച്ചകൾ ഇങ്ങിനെ നശിച്ചുപോയാലും അതിനുശേഷവും ഇവയെക്കൊണ്ടുള്ള ശല്യത്തിനു യാതൊരു കുറവും കാണുന്നതല്ല. എങ്കിലും ഈ ഒരു മാർഗ്ഗമല്ലാതെ മറെറാരു വഴി നാം ഇതേവരെ കണ്ടെത്തീട്ടില്ല താനും.

നമ്മെ ദ്രോഹിക്കുന്ന പല ജന്തുക്കളുമുണ്ടു. അവയെ നിവാരണംചെയ്യുവാനുള്ള ഫലോല്പാദകമായ ഒരു മാർഗ്ഗം നാം ഇതേവരെ കണ്ടുപിടിക്കാത്തതു ആ വക ജന്തുക്കളുടെ ജീവിതരഹസ്യം അറിവാനുള്ള ആഗ്രഹം നമുക്കില്ലാത്തതുകൊണ്ടാണ്. ചാണകക്കുണ്ടിൽ കാണുന്ന വലിയ ചിങ്ങമ്പുഴു തെങ്ങു കുത്തുന്ന ചെള്ളിൻെറ പ്രഥമദശയാണെന്നറിഞ്ഞാൽ തെങ്ങിൻമുകളിൽ കയറി ചെള്ളിനെ നശിപ്പിക്കുന്നതിനേക്കാൾ ഈ പുഴുക്കളെ നശിപ്പിക്കുക എത്ര എളുപ്പമാണ്! അതിനാൽ ആ രഹസ്യം അറിയുന്നതു് ഇങ്ങിനെ ഗുണപ്രദമാണെന്നു മാത്രമല്ല ആ വക ജന്തുക്കൾ നയിക്കുന്നതു് അത്യത്ഭുതമായ ഒരു ജീവിതമാകയാൽ വളരെ രസാവഹവുമാണ്.

കീടലോകത്തെ മുഴുവൻ തിരഞ്ഞുനോക്കിയാൽ ഒരു നൊഴമ്പിനേക്കാൾ

ഭംഗിയുള്ളതൊ ചെറുതൊ ആയ മറെറാരു ജീവിയെ കണ്ടെത്തുവാൻ പ്രയാസമായിരിക്കും. അവയുടെ ശരീരഘടന ഏററവും മനോഹരമായ ചിത്രശലഭത്തിൻേറതുപോലെ അഖണ്ഡ പരിപൂർണ്ണമാക്കുന്നു.

നൊഴമ്പുകൾ പല വർഗ്ഗങ്ങളുമുണ്ടു. ഏററവും വലുതു തലമുതൽ വാലിൻെറ അററംവരെ അളന്നുനോക്കിയാൽ ഒരിഞ്ചിൻെറ ഇരുപതിലൊരംശം മാത്രമെ വലിപ്പമുണ്ടായിരിക്കയുള്ളു. ഏററവും ചെറിയതിനെ ഒരു വരയിൽ നിരത്തിവെക്കുന്നതായാൽ ഒരിഞ്ചു നീളം വരുവാൻ നൂറെണ്ണം വേണ്ടിവരും.

നൊഴമ്പിന്നു നാലു ചിറകുകളുണ്ടു. ഓരോഭാഗത്തുള്ള ഓരോ ജോടിയും

ചന്ദനത്തിൻെറ ഗുണമഹിമകൾ ഭാരതീയക്കു സുപരിചിതമാണ്. **കേരള ചന്ദനസോപ്പ്** ഉപയോഗിച്ചു നിങ്ങളുടെ ചർമ്മത്തിൻെറ മാഞ്ഞുകിടക്കുന്ന തേജസ്സിനെ വർദ്ധിപ്പിക്കുക. അത് പരിമിതമായ വാസനയുള്ളതും ഉഷ്ണത്തെ ശമിപ്പിക്കുന്നതുമാണ്.

ഏജണ്ട് — ആർ. സി. ദലാൽ, കോഴിക്കോട്.

കൂട്ടിക്കലൎത്തിയിരിക്കുന്നതുകൊണ്ടു അവ ഒരുമിച്ചു പ്രവൎത്തിക്കുന്നതാണ്. ഒരു ഭൂതക്കണ്ണാടിയിൽക്കൂടെ നോക്കുന്നതായാൽ നീണ്ടു വളഞ്ഞ ഈ ചിറകുകൾ വളരെ ലാവണ്യമുള്ളവയാണെന്നുകണാം. അവയുടെ വക്കുകളിൽ നീണ്ട രോമങ്ങളെക്കൊണ്ടു പൊടിപ്പുകൾ നിൎമ്മിച്ചിട്ടുള്ളതുകൊണ്ടു അവ ഒരു വെള്ളമയിലിന്റെ വിടൎത്തിയ പുച്ഛത്തിന്നു സാമ്യമുള്ളവയാണ്. ഈ ചിറകുകൾ അതിവേഗത്തിൽ ചലിക്കുന്നവയാണ്. ഈ ചെറുജീവിക്കു മററു വലിയ പ്രാണികൾക്കുള്ള എല്ലാ അവയവങ്ങളുമുണ്ട്. അതിന്റെ ശരീരത്തിലുള്ള ഏററവും ചെറിയ ഭാഗം അതിന്റെ തലയാകുന്നു. പക്ഷെ അതും ആശ്ചൎയ്യപരിപൂരിതമാണ്. ആ തലയിൽ സാധാരണ തരത്തിലുള്ള രണ്ടു കണ്ണുകളുണ്ടു. ഇതിന്നു പുറമെ അനവധി പട്ടങ്ങളുള്ള മറെറാരു ജോടിയും ഉണ്ടു. ഈ ഒടുവിൽ പറഞ്ഞ കണ്ണുകളുള്ളതുകൊണ്ടു അതു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്നു എല്ലാ ദിക്കുകളും ഒരേ സമയത്തു കാണാം. അതിന്നു പല്ലുകളോടു കൂടിയ ഒരു വായുണ്ടു. ഒരു ചെറിയ നാവും ഉണ്ടു. പക്ഷെ തലയിലെ അവയവങ്ങളിൽവെച്ച് ഏററവും പ്രധാനമായിട്ടുള്ളതു് സ്പൎശതന്തുക്കളാണ്. ഈ രണ്ടു കൊമ്പുകളില്ലെങ്കിൽ എല്ലാ പ്രാണികളും ഹതസൎവ്വസ്വന്മാരാണ്. ഇവയെക്കൊണ്ടാണ് പ്രാണികൾ ദിക്കറിയുന്നതും സ്പൎശിക്കുന്നതും ദൂരദിക്കിലേക്കുകൂടി ഇംഗിതമറിയിക്കുന്നതും. ചുരുക്കിപ്പറയുന്നതായാൽ നമുക്കു പഞ്ചേന്ദ്രിയങ്ങളെക്കൊണ്ട് അറിയുവാൻ സാധിക്കുന്നതിനേക്കാൾ അധികം കാൎയ്യങ്ങൾ പ്രാണികൾക്ക് സ്പൎശതന്തുക്കളെക്കൊണ്ട് സാധിക്കും. ഒരു രാത്രി



1. നൊഴമ്പിന്റെ ശരീരഘടനകാണിക്കുവാൻ വളരെയധികം വലുതാക്കി വരഞ്ഞതു. ഇതു ഒരു പുല്ലിലുള്ള കറുത്ത പുള്ളിയിൽ സ്പൎശതന്തുക്കളെക്കൊണ്ട് പര പ്രാണിയുടെ അണ്ഡമുണ്ടോ എന്നു തപ്പി നോക്കുന്നു.



2. ഇതിലും നൊഴമ്പിനെ വളരെ വലുതാക്കി കാണിക്കുന്നു. കീഴെയുള്ള നൊഴമ്പ് പുല്ലിലുള്ള കറുത്തപുള്ളിയിലേക്കു അണ്ഡവാഹിനിയിറക്കി മുട്ടയിടുവാൻ ശ്രമിക്കുന്നു. മേലെയുള്ളതിൽനിന്നു അതിന്റെ അരക്കെട്ടിന്റെ വണ്ണം ഗ്രഹിക്കാവുന്നതാണ്.

ഒരു ശലഭപ്പെണ്ണിനെ പിടിച്ചു് ഒരു കൂട്ടിലിട്ടു് തുറന്ന ജനലുള്ള ഒരു മുറിയിൽ വെക്കുന്നതായാൽ വളരെ ദൂരത്തുനിന്നു് ആ വൎഗ്ഗത്തിലുള്ള ആൺശലഭങ്ങൾ ആ മുറിയിൽ വന്നു ചേരുന്നതായി കാണാം. പക്ഷെ ആ പെൺശലഭത്തിന്റെ സ്പൎശതന്തുക്കളെ മുറിച്ചുകളഞ്ഞാൽ ഇങ്ങിനെ ശലഭങ്ങൾ വരുന്നതല്ല. അതുകൊണ്ടു് ആ പെൺശലഭം അവളുടെ സ്പൎശതന്തുക്കളിൽകൂടെ എന്തൊ കമ്പിയില്ലാവാൎത്തവിതരണംചെയ്യുന്നുണ്ടെന്നു നമുക്കനുമാനിക്കാം. ആൺ നൊഴമ്പിന്റെ സ്പൎശതന്തു ഒരു ചെറിയ പട്ടുനാർപോലിരിക്കും. പക്ഷെ അവന്റെ സഹധൎമ്മിണിയുടെ തന്തുവിന്റെ തലപ്പിൽ ഒരു മൊട്ടുണ്ടാകും.

അവളുടെ ശരീരം കോമളമാണു, ആകൃതി മനോഹരമാണു, കടിപ്രദേശം ഏതു സുന്ദരിയും കാമിക്കത്തക്കവിധം കൃശമാണു്. അരക്കെട്ടിന്നു കീഴെ ഉദരമുണ്ടു. അതിന്റെ തലപ്പിൽ മുട്ടയിടുവാനുള്ള ഒരു കുഴലുമുണ്ടു. അതിന്നു ഒരിഞ്ചിന്റെ എണ്ണായിരത്തിലൊരംശം മാത്രമെ വ്യാസമുള്ളു.

പ്രകൃതിയിൽ പല അത്ഭുത കാഴ്ചകളും കാണാം. അങ്ങിനെയുള്ള അസാധാരണമായ ഒന്നു, ഈ ജീവിയുടെ മുട്ട വിരിഞ്ഞു കുട്ടിയായാൽ അതിന്നു പൂൎണ്ണവളൎച്ചയെത്തുന്നതുവരെയുള്ള ഭക്ഷണം ലഭിക്കേണ്ടതിന്നുവേണ്ടി അതിന്റെ മാതാവു ആ മുട്ട മറെറാരു ജീവിയുടെ ശരീരത്തിൽ ഇടുന്നു എന്നതാണു്. മുട്ടയിലുള്ള ജീവിയുടെ ദശാഭേദങ്ങളെല്ലാം കഴിയുമ്പോഴേക്കും അന്നദാതാവു് നശിച്ചുകഴിഞ്ഞിരിക്കും. നൊഴമ്പു് അതിന്റെ അതിസൂക്ഷ്മമായ മുട്ടകളിടുന്നതു മറെറാരു പ്രാണിയുടെ മുട്ടകളുള്ളിലാണു്. ഈ മുട്ടയിലുള്ള പോഷകാംശങ്ങൾ തിന്നു നൊഴമ്പിന്റെ മുട്ടയിൽനിന്നു വിരിഞ്ഞ കുട്ടി വളൎന്നു അതിന്നുള്ളിൽതന്നെ മററു ദശകളും കഴിച്ചു പൂൎണ്ണ ജീവിയായി പുറത്തുവരുന്നു.

ഒരു പായപ്പുല്ലിന്റെ * * ഗുച്ഛം നോക്കിയാൽ ഓരോ പുല്ലിന്റെയും കടയ്ക്കൽ കറുത്ത ചില പുള്ളികൾ കാണാം. ഈ ചെറുപുള്ളികൾ പതപ്രാണി * * * മുട്ടകളിട്ടിട്ടുള്ള സ്ഥാനങ്ങളാണു്. കറുത്തു കാണുന്ന ഈ സ്ഥാനങ്ങളിലേക്കു അവളുടെ അണ്ഡവാഹിനിക്കുഴലുകളിറക്കി അല്പം ആഴത്തിലായി അവൾ മുട്ടയിടുന്നു. ഇങ്ങിനെ ആഴത്തിൽ മുട്ടയിടുന്നതുകൊണ്ടു് ശത്രുക്കൾക്കു സമീപിക്കുവാൻ പ്രയാസമായതിനാൽ അതു സുരക്ഷിതമായിരിക്കുമെന്നാണു് ആരും വിചാരിക്കുക. പക്ഷെ നൊഴമ്പ് ഈ സ്ഥാനങ്ങൾ തിരഞ്ഞുപിടിക്കും. ഒരു കറുത്ത പുള്ളി കണ്ടാൽ അവൾ അവളുടെ സ്പൎശതന്തുക്കളെക്കൊണ്ടു് അതിൽ തപ്പിനോക്കി

---

* * പുല്പായയുണ്ടാക്കുവാൻ ഉപയോഗിക്കുന്ന പുല്ല്.

* * * പതപ്രാണി അല്ലെങ്കിൽ തുപ്പൽപ്രാണി. വൃക്ഷങ്ങളുടെ ഇലകളിൽ ചിലപ്പോൾ തുപ്പൽപോലുള്ള പതകൾ കാണാം. ഈ പതകൾ പരിശോധിച്ചുനോക്കിയാൽ അതിൽ ഒരു പ്രാണിയെക്കാണാം. അതു ഈ ജീവിയുടെ കീടദശയിലിരിക്കുന്ന പ്രാണിയാണു്. ഈ പതപ്രാണി നമുക്കു ദ്രോഹംചെയ്യുന്ന ജീവികളിലൊന്നാണെന്നു പറയുന്നു.

പതപ്രാണിയുടെ മുട്ടയിരിക്കുന്ന സ്ഥാനം അറിഞ്ഞു അവിടേക്ക് അവളുടെ അണ്ഡവാഹിനിക്കുഴലിറക്കി ആ പതപ്രാണിയുടെ അണ്ഡം തുളച്ച് അതിന്നുള്ളിൽ അവളുടെ അണ്ഡം ഇടുന്നു. ഇങ്ങിനെ ഓരോ കറുത്ത പുള്ളിയും പരിശോധിച്ചു അതിന്നുള്ളിലുള്ള മുട്ടയിൽ അവളുടെ മുട്ട ഓരോന്നായി ഇടുന്നു. ഒരു നൊഴമ്പു വളരെ മുട്ടകളിടും. പുറമെയുള്ള കാലാവസ്ഥക്കനുസരിച്ച് ഈ രണ്ടണ്ഡങ്ങളും അധികകാലത്തേക്കൊ കുറച്ചുനാളേക്കൊ മന്ദചേർനതമായി കിടക്കുന്നു. പക്ഷെ നൊഴമ്പിന്റെ മുട്ട ആദ്യം വിരിയുന്നു. അതിൽനിന്നുണ്ടായ പുഴു പതപ്രാണിയുടെ മുട്ടയിലുള്ള ദ്രവ്യം ഭക്ഷിച്ചു വളരുന്നു. ഇങ്ങിനെ പതപ്രാണിയുടെ മുട്ട നശിക്കുകയും നൊഴമ്പു പൂർണ്ണവളർച്ചയെത്തുകയും ചെയ്യുന്നു. പതപ്രാണിയുടെ അണ്ഡത്തിൽ കിടക്കുന്ന നൊഴമ്പിനെ ഒരു ഭൂതക്കണ്ണാടിയിൽക്കൂടെ നോക്കിയാൽ അതിന്നു വരുന്ന അൽഭുതമാററങ്ങൾ നമുക്കു കാണാം. ചുവന്ന നിറത്തിലുള്ള ഒരു അണു പല ഭംഗിയുള്ള ആകൃതികളും സ്വീകരിച്ചു, ശരീരവും ചിറകുകളും കാലുകളും ഉണ്ടായി അവസാനം അതു പൂർണ്ണസ്ഥിതിയിലുള്ള നൊഴമ്പായിത്തീരുന്നു. അപ്പോൾ അതു് പുറത്തുവന്നു പറക്കുന്നു.

സാഹിത്യനിഷ്കുടം

ഗ്രന്ഥകൎത്താവു്:—പി. ശങ്കരൻനമ്പ്യർ, എം. എ.

സാഹിത്യവിഷയകങ്ങളായ പതിനഞ്ചു ഉപന്യാസങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. മഹാകവി ഉള്ളൂർ അദ്ദേഹത്തിന്റെ അവതാരികയിൽ ഈ പുസ്തകത്തെപ്പററി പറയുന്നതിപ്രകാരമാണ്:—"ചുരുങ്ങിയ ശബ്ദങ്ങൾകൊണ്ട് പരന്ന ആശയങ്ങൾ പ്രകടിപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിന്നുള്ള വൈചക്ഷണ്യം ഇതിൽ എവിടേയും പ്രകാശിക്കുന്നു. വാച്യാംശത്തെ അധഃകരിക്കുന്ന വ്യംഗ്യാംശം ഓരോ നിബന്ധത്തേയും ഉത്തമകാവ്യകോടിയിൽ പ്രവേശിപ്പിക്കുന്നു.... ചുരുക്കത്തിൽ അറിവും ആനന്ദവും ഒരേ സമയത്തിൽ പ്രദാനംചെയ്യുന്ന ഒരു വിശിഷ്ട കൃതിയാണ് 'സാഹിത്യനിഷ്കുടം' എന്നു നിസ്സംശയം പറയാം."

മനോഹരമായ അച്ചടിയും ബൈണ്ടിങ്ങും. വില 1ക. 8ണ.

ഉടനെ ആവശ്യപ്പെടുക:—

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

THE SEETHARAM REST HOUSE

(Near Municipal Bus Stand)

PALGHAT (Branch Koduvayoor.)

Very Comfortable and Airy Accomodation, fitted with Electric Lights, available at Moderate Rates. Spacious compound attached to premises. Situated within 5 minutes walk from the Railway Station, Post Office, Bazaar and Bus Stands. Meals and Tiffin served in rooms if required.

Special Accomodation for Ladies.

Bathing and other conveniences provided. Every comfort of the traveller is attended to. Garage Accomodation available.

Your patronage is solicited.

K. S. RAMA IYER, *Proprietor.*

സിതാറാം റെസ്റ്റ്ഹൌസ്.

(മുനിസിപ്പാൽ ബസ്സ്റ്റാണ്ടിന്നു സമീപം)

പാലക്കാട് (ബ്രാഞ്ച് കൊടുവായൂർ.)

തീവണ്ടി ആപ്പീസ്സ്, തപാലാപ്പീസ്സ്, അങ്ങാടി, ബസ്സ്റ്റാൻറ്, എന്നു തുടങ്ങിയ പട്ടണത്തിലെ പ്രധാന സ്ഥലങ്ങൾക്കെല്ലാം അടുത്തായി—വിശാലമായ വളപ്പിൽ തുറന്ന ശുദ്ധ വായു സദാ കിട്ടത്തക്കവണ്ണം സൎവ്വവിധ ഉപകരണങ്ങളാലും കമനീയമായ വൈദ്യുതദീപങ്ങളാലും അലംകൃതമായി സൎവ്വസുഖസൌകൎയ്യ സമ്പൂൎണ്ണമായ ഒരു വിശ്രമസ്ഥലമാണ് **"സീതാറാം റെസ്റ്റഹൌസ്."** പാലക്കാട്ടെത്തിച്ചേരുന്ന യാത്രക്കാൎക്ക് ഇത് ഒരനുഗ്രഹം തന്നെയാണ്! സ്ത്രീകൾക്കു താമസിക്കുവാൻ പ്രത്യേകസൌകൎയ്യം ഏൎപ്പെടുത്തുന്നതാണ്.

ആവശ്യക്കാൎക്ക് അവരവർ ഇരിക്കുന്ന മുറികളിൽതന്നെ ശാപ്പാടും ടിഫിനും കൊടുക്കുന്നതാണ്. കുളിക്കുവാനുള്ള സൌകൎയ്യം ഇവിടെ ഒരു പ്രത്യേകതയാണ്. യാത്രക്കാരുടെ സൎവ്വ സൌകൎയ്യവും പ്രത്യേകം ശ്രദ്ധിക്കുന്നതാകുന്നു. ഗാരേജ് സൌകൎയ്യം ഇവിടെയുണ്ട്.

നിങ്ങളുടെ വിലയേറിയ സഹായസഹകരണങ്ങളെ സവിനയം അഭ്യൎത്ഥിച്ചുകൊള്ളുന്നു.

എന്ന്, പ്രൊപ്രൈറ്റർ, **കെ. എസ്. രാമയ്യർ.**

കണ്ണുനീർ

എം. എസ്സ്. രാമകൃഷ്ണൻ, ആലുവ.

ഭാവനാവിമാനത്തിലേറി ഞാൻ ചരിക്കാറു-
ണ്ടോമനേ! നിന്നെപ്പാടി വാഴ്ത്തുവാൻ പലപ്പോഴും
വിണ്ണവർനാട്ടിൽക്കൂടി സോല്ലാസം ചരിച്ചീടും
മഞ്ജുവാം മന്ദാകിനിയായിഞ്ഞാൻ കണ്ടു നിന്നെ.
വർണ്ണിപ്പാൻ മുതിർന്നു ഞാനെങ്കിലും ദേവി മമ-
വർണ്ണനയ്ക്കതീതയായന്നു നീ വിരാജിച്ചു.
മുഴുകാനാശിച്ചെന്നാലൊന്നു ഞാൻ നിന്നിൽ പാപം
കഴുകിക്കളഞ്ഞീടാനതുതാനല്ലോ മാർഗ്ഗം.
വിൺനദിയിങ്കൽ ചെന്നു നീരാടാൻ കൊതിക്കുന്നു
മണ്ണിലെ കൃമികീടമെന്നിതിൽപ്പരം കഷ്ടം!!
എങ്കിലും ചിരകാലപ്രാർത്ഥനാഫലമായി-
ട്ടെന്തിനോ പ്രവഹിച്ചു ഭുവിലാ മന്ദാകിനി.
കേവലാനന്ദത്തിന്റെ മാറ്റൊലിച്ചാർത്തിൽക്കൂടി-
യാവേശപൂർവ്വം നോക്കിനിന്നു ഞാനതിൻ ഭംഗി.
എന്തിനു പറയുന്നു, സുന്ദരസ്വപ്നം പോലെ
യെങ്കരളാക്കൊട്ടാനന്ദം നൽകിയോരാ വിൺനദി
കണ്ടുകൊണ്ടിരിക്കുമ്പോളൊഴുകിപ്പോയി മന്ദ-
മെന്തിനാണെവിടേയ്ക്കാണെന്നു ഞാനറിഞ്ഞീല.
തീരാത്ത ദുഃഖം മാത്രമല്ലെങ്കിലെന്നെന്നേക്കും
തോരാത്ത കണ്ണീർ മാത്രം സാക്ഷിയായെല്ലാററിനും.
ആശയെന്നകതാരിലങ്കുരിച്ചപ്പോളാകഷ്ട-
മീശനിങ്ങശരീരിവാക്യമൊന്നുയച്ചെങ്കിൽ!

ആനന്ദകരമായ യഥാർത്ഥ ആരോഗ്യകാലം

ജീവാമൃതം നിങ്ങൾക്ക യഥാർത്ഥത്തിൽ പ്രദീപ്തമായ ആരോഗ്യമരുളുന്നു. നിങ്ങളുടെ സിരകൾ അശക്തങ്ങളും, തളച്ചുപററിയതും, രക്തരഹിതങ്ങളുമാണെന്നു നിങ്ങൾക്ക അനുഭവപ്പെടുന്നുവെങ്കിൽ ഈ പ്രശസ്തമായ ഔഷധം ഉപയോഗിക്കുവിൻ. അതു നിങ്ങൾക്ക് നവീനബലവും നവീനചൈതന്യവും നവീനരക്തവും നവീനോജസ്സും പ്രദാനം ചെയ്യുന്നു.

ഇന്നുമുതൽക്ക് ഈ ഫലപ്രദമായ ആരോഗ്യദായിനിയെ പരീക്ഷിച്ച് യഥാർത്ഥത്തിലുള്ള ആരോഗ്യകരമായ ജീവിതത്തെ ആസ്വദിക്കുവിൻ.

വൈദ്യരത്നം പണ്ഡിററ്

ഡി. ഗോപാല ചാർലുവിന്റെ

ജീവാമൃതം (പൂർണ്ണാരോഗ്യപ്രദായിനി)

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും.

ആയുർവേദാശ്രമം, മദ്രാസ്.

നബി തിരുമേനിയുടെ മതസഹിഷ്ണുത

പ്രവാചകൻ ഉപദേശിച്ച ആത്മീയൈക്യം, മനുഷ്യസമത്വം എന്നീ പ്രമാണങ്ങൾ മാനുഷലോകത്തിൽ ദൃഢമൂലമാക്കുകയാണ് ഇസ്ലാമിന്റെ ഒരു പ്രധാന ലക്ഷ്യം. അതുകൊണ്ടാണ് പ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം മുറുകിവരുന്ന കെട്ടുപാടുകളിൽനിന്നു സ്വാതന്ത്ര്യവും മുക്തിയും നൽകുന്ന ഒരു മഹാൻ എന്ന നിലയിൽ മർദ്ദിതരും അധോഗതിയിലാഴ്ത്തപ്പെട്ടവരും അദ്ദേഹത്തെ സ്വീകരിച്ചാദരിച്ചത്. ഇസ്ലാം അവർക്ക് രാഷ്ട്രീയവും മതപരവുമായ സമത്വം അനുവദിച്ചുകൊടുത്തിരിക്കുന്നു. "നിശ്ചയമായും അല്ലാഹുവിന്റെ സന്ദേശവാഹകനിൽ അത്യുത്തമമായ മാതൃകയാണ് നാം ദർശിക്കുന്നത്." ജൂതന്മാരുമായി തിരുമേനി ചെയ്ത ഉടമ്പടികളും അറേബിയായിലെ കൃസ്ത്യന്മാർക്ക് നൽകിയ അവകാശത്തീട്ടും ഇന്നും സുശോഭനമായ സഹിഷ്ണുതക്കു മകുടംചാർത്തുന്നവയാണ്.

പ്രവാചകൻ മദീനയിലെത്തിയശേഷം ജൂതന്മാർക്ക് നൽകിയ അവകാശത്തീട്ടിലും, ഇസ്ലാം അറേബിയായിൽ ചിരപ്രതിഷ്ഠിതമാക്കപ്പെട്ടശേഷം നജറാനിലെയും അയൽപ്രദേശങ്ങളിലെയും കൃസ്ത്യന്മാർക്ക് അവിടുന്നയച്ച സുപ്രസിദ്ധ സന്ദേശത്തിലും ഇസ്ലാമിന്റെ രാഷ്ട്രീയ നയത്തിന്റെ തത്വമാണ് സുവ്യക്തമാംവണ്ണം പ്രത്യക്ഷപ്പെടുന്നത്. ജൂതന്മാർക്ക് നൽകിയ അവകാശത്തീട്ടിന്റെ സംഗ്രഹം ഇതാണ്: മുസ്ലിം രാഷ്ട്രസമുച്ചയത്തിൽച്ചേർന്ന ജൂതന്മാർ മദീനയെ ശത്രുക്കളിൽനിന്നു രക്ഷിക്കുവാൻ മുസ്ലിമീങ്ങളോടു തോളോടുതോൾ ചേർന്നിരിക്കുന്നേടത്തോളം കാലം, അവരെ സകലവിധമായ അവമാനങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുന്നതും, സമാനാവകാശങ്ങളും ആരാധനാസ്വാതന്ത്ര്യവും അവർക്കനുവദിക്കുന്നതുമാണ്. നബി തിരുമേനി (സ) ജൂതന്മാരുടെ എല്ലാ പ്രവാചകന്മാരുടെയും മഹത്വത്തെ ആദരിക്കുകയും, അവർക്ക് പരിപൂർണ്ണമായ വിശ്വാസസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും അനുവദിക്കുകയും ചെയ്തുവെന്നു മാത്രമല്ല, മുസ്ലിമീങ്ങളുടെ പ്രാർത്ഥനാസമയത്തെ ലക്ഷ്യപ്രദേശം ജറൂസലമായിരിക്കണമെന്നു നിശ്ചയിക്കുകകൂടി ചെയ്തിരുന്നു. എന്നാൽ, അറേബിയായിലെ ജനങ്ങളെ മുഴുവൻ ജൂതമതവിശ്വാസികളായി പരിവർത്തനംചെയ്യുന്നതിൽ മുഹമ്മദിനെ(സ) ഒരായുധമായി ഉപയോഗിക്കാമെന്ന ഉപായത്തിൽ പരാജയപ്പെട്ട അവരുടെ ഏതാദൃശമായ ഇച്ഛാഭംഗത്തിന്റെ തീവ്രത നിമിത്തം, അദ്ദേഹം നീട്ടിയ സൌഹാർദ്ദഹസ്തത്തിനു ചതികൊണ്ടു പകരംകൊടുക്കുവാനാണവർ ഒരുമ്പെട്ടത്. അദ്ദേഹത്തിന്നെതിരായി ആയുധമെടുക്കുവാൻ തങ്ങൾക്കു ശക്തിയില്ലെങ്കിൽ ഗൂഢാലോചനയും ചതിപ്രയോഗവുംകൊണ്ടു കാര്യം നേടുവാൻപോലും അവരൊരുങ്ങി.

മുഹമ്മദ് (സ) തിരുമേനി ഇസ്ലാമിന്റെ പ്രവാചകൻ മാത്രമല്ല, തന്റെ ജനങ്ങളുടെ ജീവന്റെയും സ്വാതന്ത്ര്യത്തിന്റെയും രക്ഷിതാവുംകൂടിയായിരുന്നതിനാലദ്ദേഹത്തിന്നു അന്യരുടെ ചതിക്കു മാപ്പുകൊടുക്കുവാനൊ ചുററുപാടും പടൎന്നുപിടിക്കുന്ന ഗൂഢാലോചനകളുടെ നേരെ കണ്ണടക്കുവാനൊ സാധിച്ചില്ല. ദാനധൎമ്മങ്ങളുടെയും സൽപ്രവൃത്തികളുടെയും മാഹാത്മ്യത്തെപ്പററി അദ്ദേഹം ഉൽഘോഷിച്ചു; എന്നാൽ നിവൃത്തിയില്ലെന്ന ഘട്ടം എത്തിയപ്പോൾ സമരതന്ത്രം പ്രയോഗിക്കുവാനും അവിടുത്തേക്കറിയാതിരുന്നില്ല. ബനുക്വയിൻക്വ വംശത്തിലെ വിശ്വാസഘാതകനായ ഒരു ജൂതൻ ഒരു മുസ്ലിം വനിതയെ അപമാനിച്ചതോടുകൂടി സ്ഥിതിഗതികൾ ദുസ്സഹകോടിയിലെത്തിയപ്പോൾ പ്രസ്തുത വംശത്തെ മുഴുവൻ അവരുടെ ഇളകുന്ന സ്വത്തുക്കളോടുകൂടി രാജ്യഭ്രഷ്ടരാക്കുതെ നിവൃത്തിയില്ലെന്നുവന്നു. ബനു നാദിർ എന്ന വേറൊരു വംശക്കാർ, ഉഹദ് യുദ്ധത്തിന്നുശേഷം പ്രവാചകന്നു വിഷം നൽകുവാൻപോലും മുതിൎന്നു. ഒടുവിൽ പ്രസ്തുത വംശക്കാർ മുഴുവൻ അവിടുത്തെ പാദസന്നിധിയിൽ പ്രണാമംചെയ്തപ്പോൾ കരുണാപുരസ്സരം അദ്ദേഹം അവൎക്കു മാപ്പരുളുകയാണ് ചെയ്തതു്.

ഹിജറ 6-ാം ശതകത്തിൽ, നജ്റാനിലെ ക്രിസ്ത്യന്മാൎക്കു നൽകപ്പെട്ട അവകാശത്തീട്ട് മതസഹിഷ്ണുതയുടെ ചൈതന്യകാന്തിയുടെ പ്രതിബിംബമാണ്. അതനുസരിച്ചു ക്രിസ്ത്യന്മാൎക്കു മുസ്ലിമീങ്ങളോടൊപ്പം പൂൎണ്ണവും സമാനവുമായ അധികാരങ്ങൾ അനുവദിച്ചുവെന്നു മാത്രമല്ല, ക്രിസ്ത്യൻ ദേവാലയങ്ങൾ സംരക്ഷിക്കുവാനും അവ രക്ഷിക്കുന്നതിലും കേടുപാടുകൾ തീൎക്കുന്നതിലും സഹകരിക്കുകയും സഹായിക്കുകയും ചെയ്യുവാനും മുസ്ലിമീങ്ങൾ ബാദ്ധ്യസ്ഥരാവുകയും ചെയ്തു. മനുഷ്യഹൃദയങ്ങൾക്കുൾക്കൊള്ളാവുന്ന അങ്ങേ അററത്തെ നീതി, സഹിഷ്ണുത ഇവ ഒത്തിണങ്ങിയ ഒരു ദേഹമായിരുന്നു മുഹമ്മദ് (സ) തിരുമേനി. നിവൃത്തിയില്ലാത്ത ഘട്ടത്തിൽ മാത്രമാണ് അദ്ദേഹം ബലംപ്രയോഗിച്ചിട്ടുള്ളതു്. "വീണുകിടക്കുന്ന ശത്രുവെ മുഹമ്മദ് (സ) ഒരിക്കലും പാദാഘാതം ചെയ്തിട്ടില്ല........തന്റെ ഉപദേശത്തി

മദനൻ അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓൎമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ്, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദൎയ്യവും നിലനിൎത്തി ജീവിതത്തെ ആനന്ദസമ്പൂൎണ്ണമാക്കുന്നു. 16 വയസ്സിനുമേലുള്ള സ്ത്രീപുരുഷന്മാൎക്കു ഉപയോഗിക്കാം. വിശേഷപത്ഥ്യങ്ങളും ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു 2ക. മാത്രം.

സ്വാമി രാമാനന്ദൻസ് സിദ്ധവൈദ്യാശ്രമം

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം **H. O. Trichur.**

ൽ വിശ്വസിക്കാത്തവരിൽ നിർബ്ബന്ധം ചെലുത്തുകയൊ അവരോട് പ്രാർത്ഥനകളിൽ പങ്കുകൊള്ളുണ്ണമെന്നനുശാസിക്കുകയൊ ഉണ്ടായിട്ടില്ല" എന്നു ഗിബ്ബൺപോലും സമ്മതിച്ചിട്ടുള്ളതാണ്.

അമുസ്ലിമീങ്ങളുടെ നേരെയുള്ള മുഹമ്മദ് (സ) തിരുമേനിയുടെ സഹിഷ്ണുതാനയമാണ്, മിക്കവാറും, സകല മുസ്ലിം ഭരണാധികാരികൾക്കും തങ്ങളുടെ അമുസ്ലിം പ്രജകളോടുള്ള പെരുമാററത്തിൽ മാർഗ്ഗനിർദ്ദേശം ചെയ്തിട്ടുള്ളത്. വല്ലവരും വല്ലവിധത്തിലും അതിൽനിന്നു വ്യതിചലിച്ചിട്ടുണ്ടെങ്കിൽ തങ്ങളുടെ വ്യത്യസ്ത മനസ്ഥിതി മാത്രമാണതിന്നു കാരണം. ഗോബിനീൻ എന്നു ചരിത്രകാരൻ പറയുന്നു:—"മതത്തിൻെറ പേരിൽ അഭിപ്രായം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രാഷ്ട്രീയമായ ആവശ്യകതയെ വിശകലനംചെയ്തു നോക്കുമ്പോൾ മററു മതാനുയായികളോടുള്ള സഹിഷ്ണുതയിൽ ഇസ്ലാമിനേപ്പോലെ യാതൊരു മതവും പരിപൂർണ്ണമല്ലെന്നു പ്രത്യക്ഷപ്പെടുന്നതാണ്." "രാഷ്ട്രത്തിൻെറ അത്യാവശ്യകത" മുൻനിർത്തി വല്ല ഭരണകർത്താവും വല്ലേടത്തും അല്പം അസഹിഷ്ണുത പ്രത്യക്ഷപ്പെടുത്തീട്ടുണ്ടാവാം; എന്നാൽ ഭരണഘടന മുഴുക്കെ പരിപക്വമായ സഹിഷ്ണുത മാത്രമെ അവലംബിച്ചിട്ടുള്ളൂ. യാതൊരു മുസ്ലിം ഭരണാധികാരിയും, മതവിശ്വാസ കാര്യങ്ങളിൽ ഒരിക്കലും ഒരു അമുസ്ലീമിൻെറ മേൽ നിർബ്ബന്ധം ചെലുത്തീട്ടില്ല. അവർക്കു വല്ല പ്രത്യേക നികുതിയും കൊടുക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ അവ സൈനികാവശ്യങ്ങൾക്കുവേണ്ടി മാത്രമാണ്; രാഷ്ട്രത്തിൻെറ രക്ഷയനുഭവിക്കുന്നവർ, ഭരണച്ചെലവിലേക്കു വല്ല സംഭാവനയും നൽകേണമെന്നത് ന്യായം മാത്രമാണല്ലൊ. മിക്ക ഖലീഫമാരും അവരുടെ സൈനിക മേധാവികളും കീഴടക്കപ്പെട്ട പ്രദേശങ്ങളിൽ പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുവദിച്ചിരുന്നുവെന്നത് പൌരാണിക ഇസ്ലാം ചരിത്രം സംശയാതീതമാംവണ്ണം പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. "സ്ത്രീകളെ അവർ അടിച്ചുകൊന്നിരുന്നില്ല; നിർദ്ദോഷികളായ സ്ത്രീകൾ സൈബീരിയയിലെ ഖനികളിൽവെച്ചു കാവൽക്കാരാൽ മാനഭംഗംചെയ്യപ്പെട്ടിട്ടുമില്ല." നേരെ മറിച്ചു അവരുടെ പെരുമാററം, ഇന്നത്തെ പരിഷ്കൃതമെന്നു പറയപ്പെടുന്ന പല ഗവർമ്മേണ്ടുകൾക്കും, പൌരസ്വാതന്ത്ര്യത്തിന്നും മതസഹിഷ്ണുതക്കും മഹത്തായ മാർഗ്ഗനിർദ്ദേശം ചെയ്യുന്നവയാണെന്നു സമ്മതിച്ചേ കഴിയൂ.

—:0:—

Neo Kerala National Hotel

320 Waltax Road, P. T. Madras.

സെണ്ട്റൽ സ്റ്റേഷന്നടുത്ത് എലക്ട്രിക്ക് ഫിററിങ്ങ്സോടുകൂടിയ ഒന്നാന്തരം മലയാളിഹോട്ടൽ. മിതമായ ചാർജ്ജ്. നിങ്ങളുടെ മദിരാശി യാത്രയിൽ ഞങ്ങളെ ഒന്നു സന്ദർശിക്കുക.

ചെറുകഥ.

വിവാഹ ദിവസം

സി. പി. ദാമോദരക്കുറുപ്പ്.

ആ കുട്ടികളെ എപ്പോഴും ഒന്നിച്ചേ കാണുകയുള്ളു. അവർക്കന്യോന്യം അത്രക്കിഷ്ടമാണ്. അമ്മ എത്രതന്നെ നന്നാക്കി മുടിയിൽ പൂവെച്ചുകൊടുത്താലും ചന്ദ്രേട്ടനെക്കൊണ്ടതൊന്നു മാററിവെപ്പിച്ചാലേ മാലതിക്കു തൃപ്തിയാവുകയുള്ളൂ. അതുപോലെ മാലതിതന്നെ വേണം ചന്ദ്രനു കുടുക്കിട്ടുകൊടുക്കുവാൻ. രാവിലെ അവർ ആ ഇടവഴിയിൽക്കൂടി സ്കൂളിലേക്കു പോവുന്നത് അട്ടിക്കുകാർക്കൊരു പതിവായ കാഴ്ചയാണ്. വംശബന്ധമൊന്നുമില്ലാത്ത ഈ കുട്ടികളുടെ അഭികാമ്യചേഷ്ട മാതാപിതാക്കന്മാർക്കും പ്രിയകരമായി.

അന്നും അവർ സ്കൂളിൽ പോവുകയാണ്; ആ ഇടവഴിയുടെ ഓരത്തുള്ള മതിലിന്മേൽ ഒരരിപ്പൂക്കാടിന്നുള്ളിലുണ്ട് ഒരലരി പൂത്തുനില്ക്കുന്നു. അവർ രണ്ടാളുടേയും നോട്ടമതിന്മേലെത്തി. മാലതി തിരിഞ്ഞു ചന്ദ്രൻെറ മുഖത്തേക്കൊന്നു നോക്കി. അവന്നു കാര്യം മനസ്സിലായി. അവൾക്കതു തുറന്നു പറയാൻ ഇഷ്ടമില്ലായിരുന്നു. ആ അരിപ്പൂക്കാട്ടിലെ അലരി പറിക്കുക—കുട്ടിയാണെങ്കിലും അവൾക്കുമില്ലേ ഒരു ഹൃദയം!

ഞൊടിയിടയ്ക്കു പുസ്തകവും താഴെയിട്ടു ചന്ദ്രൻ മതിൽ പൊത്തിപ്പിടിച്ചു കയറിത്തുടങ്ങി. പലപാടും താഴത്തു വീണതിൽപ്പിന്നെ അവനാ അരിപ്പൂക്കാട്ടിന്നടുത്തു പിടിയുറച്ചു. എങ്കിലും ആ പൂക്കുല അവനെത്തിയില്ല. എന്തൊരു ദൌർഭാഗ്യം! അവൻ കുറച്ചു ആ അരിപ്പൂക്കാട്ടിന്നുള്ളിലേക്കിറങ്ങി. ഒരരിപ്പൂത്തണ്ട് കോപത്തോടെ അവൻെറ മുഖത്തൊരു മാന്തുകൊടുത്തു. അവന്ന് അല്പം വേദനിച്ചു. പക്ഷെ ആ പൂക്കുല അവൻെറ കൈയിൽ കിട്ടുമ്പോൾ മാലതിയുടെ മുഖത്തെ ആ പ്രസാദം! അവനൊരൊററ ഏന്തലിന്നു ആ അലരിപ്പൂക്കുല കൈക്കലാക്കി.

എന്നാലതേ ശക്തിയോടെ അവൻ താഴോട്ടു മറിഞ്ഞുവീണു. മാലതി അറിയാതെ ഒന്നു നിലവിളിച്ചുപോയി. കലശലായി വേദനിച്ചെങ്കിലും അതൊന്നും വെളിക്കു കാട്ടാതെ അവനാപ്പൂക്കുല മാലതിക്കു കൊടുത്തു. അവളുടെ ആനന്ദം; ഒരു മിന്നൽപ്രഭ ചന്ദ്രൻെറ മുറിപ്പാടിലെല്ലാം മരുന്നുപുരട്ടി.

അവർ പിന്നെയും സ്കൂളിലേക്കു നടന്നു. ആ പൂക്കുല തെരുപ്പിടിച്ചുകൊണ്ട് മാലതി ചന്ദ്രൻെറ പിന്നാലെ നടക്കുകയാണ്. അല്പനേരത്തേക്കു അവളുടെ ശബ്ദം കേൾക്കാഞ്ഞു് അവൻ തിരിഞ്ഞുനോക്കി. മാലതിയുണ്ട് മ്ലാനവദനയായി പിന്നിൽ. ആ മനോഹരമായ പൂക്കുല പാടത്തെച്ചേററിൽ ചളിയിലാണ്ടു

കിടക്കുന്നു. അതവരുടെ രണ്ടാളുടേയും കുററമല്ല. അറിയാതെ അതങ്ങ് വീണുപോയി, അത്രമാത്രം.

ആ മനോഹര വാസരങ്ങളോരോന്നും ഭൂതകാലത്തിൻെറ ദംഷ്ട്രങ്ങൾക്കുള്ളിലാക്കപ്പെട്ടു.

II

വിദ്യാൎത്ഥികളുടെ ഒരു യോഗം. അതിനെ അഭിമുഖീകരിച്ചു നില്ക്കുന്ന ആ യുവകോമളൻെറ വാഗ്ധാടിയിൽ സദസ്യരെവരും ലയിച്ചിരിക്കയാണ്. അദ്ധ്യാപകന്മാൎക്കാകട്ടെ ആ സ്കൂൾഫൈനൽ പാസ്സാവാനടുത്ത വിദ്യാൎത്ഥിയുടെ നേരെ എന്തെന്നില്ലാത്ത ഒരു വാത്സല്യം ഉയൎന്നു.

പ്രസംഗമഞ്ചത്തിൽ കയറിയാൽ ആവേശംകൊള്ളുന്ന ചന്ദ്രശേഖരൻെറ ഹൃദയം സ്വന്തം മുറിയിലെത്തിയാൽ ആർദ്രമാവും. അവൻ ദിവാസ്വപ്നം കാണാൻ തുടങ്ങും. ആ ഉൾനാട്ടിലെ ചെറുതെങ്കിലും മനോഹരമായൊരു വീടു; അവി

വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്ന സ്ഥിതിവിവരകണക്കുകൾ

മുമ്മൂന്നാണ്ടുകൂടുമ്പോഴുണ്ടാകുന്ന വില തിട്ടപ്പെടുത്തൽ റിപ്പോൎട്ടനുസരിച്ചുള്ള ഇരുപത്തിമൂന്നാമത്തെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് തൃപ്തികരമായ മരണാനുഭവവും ചുരുങ്ങിയ ചിലവു നിരക്കും ആകുന്നു.

കമ്പനിയുടെ ബാദ്ധ്യതകളെ മൂന്നു ശതമാന പലിശ നിരക്കിൽ വില തിട്ടപ്പെടുത്തിയതിൽ കഴിഞ്ഞ മൂന്നാണ്ടത്തെ

അററലാഭം രൂപാ 15088092

പാളിസിധാരകന്മാൎക്കായുള്ള നിക്ഷേപം തന്നിമിത്തം 54 ലക്ഷം രൂപാക്കുടി വൎദ്ധിച്ചിട്ടുണ്ട്.

പ്രഖ്യാപനം ചെയ്യപ്പെട്ട ബോണസ്സ്

മുഴുജീവിത രക്ഷാഭോഗ പാളിസികൾക്ക് 1000-രൂപാക്ക് പ്രതിവർഷം 12½-രൂപാ

എൻഡോമെൻറ് രക്ഷാഭോഗ പാളിസികൾക്ക് 1000രൂപാക്ക് പ്രതിവൎഷം 10 രൂപാ

ഓറിയൻറൽ

ഗവമെൻറു സെക്യൂറിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ ഇന്ത്യയിൽ റജിസ്റ്റർചെയ്യത്

ഹെഡ് ആഫീസ് ബോംബെ

ബ്രാഞ്ച് ആഫീസ്—ഇസ്മേൽ റാവുത്തർ വീഥി കോയമ്പത്തൂർ.

ടെയെങ്ങും പാൽക്കൊഞ്ചൽ പൊഴിച്ചുകൊണ്ടൊരു പൈങ്കിളി; ചന്ദ്രൻെറ ഹൃദയത്തിൽ ഈവിധം ചില സുസ്പഷ്ടമായ ചിത്രങ്ങഠം പതിഞ്ഞുകിടപ്പുണ്ട്. അവയെ മനസ്സിൽ ദശിച്ചാൽ മതി, അവനാനന്ദത്തിലാറാടും; അവനാശിക്കും, തനിക്കു രണ്ടു ചിറകുണ്ടായിരുന്നെങ്കിൽ! ഉടനെ അവൻെറ ദൃഷ്ടി ആ ചുമരിന്മേൽ പതിക്കും. ആ എട്ടാംതരം പാസ്സായ ഗ്രാമീണ കന്യകയുടെ ഫോട്ടൊ! പല ചിന്തകളും അവൻെറ തലയോട്ടിലൂടെ പാഞ്ഞുപോകും.

ചന്ദ്രേട്ടനയച്ചുകൊടുത്ത പുസ്തകങ്ങളും വായിച്ചു സമയം പോക്കുന്ന മാലതിക്കൊരു കത്തു വന്നുചേൻ. "........ഞാൻ വരുന്ന വെള്ളിയാഴ്ച ഓണക്കല്ലിനക്കു നാട്ടിൽ വരും........"ശേഷമൊന്നും അവഠം വായിച്ചില്ല. അവളക്കത്തുംകൊണ്ട് ചന്ദ്രൻെറ വീട്ടിലേക്കു പാഞ്ഞു.

അവളുടെ വരവു ചന്ദ്രൻെറ അമ്മയ്ക്കു പുതുമയൊന്നുമല്ല. ഒരു ധൃതിയിൽ അവളക്കത്തു വായിച്ചുതീത്തു.

"അതിന്നു നീയെന്തിനു പെണ്ണേ ഇങ്ങിനെ തുള്ളിച്ചാടുന്നു?' എന്നേ ആ സ്ത്രീക്കു പറവാൻ കഴിഞ്ഞുള്ളു.

ചന്ദ്രേട്ടൻ വരുമ്പോഴേക്കെന്തൊക്കെയാണ് തയ്യാറാക്കേണ്ടതു്; ഏതുമാതിരി സാരിയാണുടുക്കേണ്ടതു്; ഏതുമാതിരിയാണ് മുടിചീകേണ്ടതു് ഇങ്ങനെ പലതും അവളെ വിഷമിപ്പിച്ചു.

വാസരങ്ങളോരോന്നും വത്സരങ്ങളായിട്ടു കഴിഞ്ഞു.

ചന്ദ്രനും വന്നു. ആ കുമുദം അതിൻെറ സവ്വ ഭംഗിയോടുംകൂടി വിരിഞ്ഞു: വീട്ടിലെത്തുന്ന ചന്ദ്രനെ ആദ്യമായെതിരേററതു് മാലതിയുടെ നോട്ടങ്ങളാണ്. അവനും അവളുടെ മുഖത്തൊന്നു നോക്കി. ഒരു നിലാവ്; അതു മറെറാരു നിലാവിൽപോയി വിലയിച്ചു.

അന്നവിടെ ഓണത്തേക്കാളും മികച്ച സദ്യയായിരുന്നു. ചന്ദ്രനും മാലതിയും അടുത്തടുത്തിരുന്നു ഊണുകഴിക്കുന്ന ആ രംഗം മാതാപിതാക്കന്മാരെ ആനന്ദത്തിലാറാടിച്ചു.

"ശ്രീധരൻ പരീക്ഷകഴിഞ്ഞു വന്നിട്ടുവേണം നിങ്ങഠം രണ്ടാളുടെയും ജാതകമൊന്നു നോക്കിക്കാൻ". ആ ആനന്ദം മാതാവിൽനിന്നു വാഗ്രൂപമായി പുറപ്പെട്ടു.

"അതേതെ," മാലതിയുടെ അച്ഛനാപ്രമേയത്തെ പിൻതാങ്ങി, "ഞാനും വിചാരിച്ചിട്ടുണ്ട്. നാളെ നാളേന്നു വിചാരിച്ചാപ്പിന്നെ അങ്ങനെ ആയ്പ്പോവും: ബാക്കിയുള്ളോക്ക് ഇതുംകണ്ടങ്ങു പോണംന്നേ ഉള്ളു."

ചന്ദ്രൻ പുഞ്ചിരിപുരട്ടിയ ഒരു നോട്ടം മാലതിയുടെ നേക്കയച്ചു. സഹജമായ ലജ്ജാഗുണം അവളുടെ മുഖംപിടിച്ചു താഴ്ത്തി.

* * * *

അവക്കു തമ്മിൽ സംസാരിക്കുവാനപ്പോഴേ അവസരം കിട്ടിയുള്ളു.

“അപ്പോഴെ, മാലതി” പ്രേമത്തിൽനിന്നുതിൎന്ന വാക്കുകളാണവ, “നിന്റെ ജാതകംനോക്കുന്നുണ്ടല്ലൊ. എന്നാൽ അടുത്തുതന്നെ ഒരു സദ്യകൂടി ഉണ്ടാകും.

“ഉം . . .” അവളല്പം ചൊടിച്ചു ചോദിച്ചു.

“പറയണോ? നിന്റെ വിവാഹസ്സദ്യ.”

“ഓ! അതെനിക്കും ആവാമല്ലൊ?”

“അതില്ല, എനിക്കട്ടത്തൊന്നും കല്യാണം വേണ്ട. അതിന് ജാതകംനോക്കലൊട്ടാവശ്യവുമില്ല. എനിക്കു മനസ്സിണങ്ങിയവളെ മാത്രമേ ഞാൻ കല്യാണം കഴിക്കയുള്ളു.”

“അങ്ങിനെ ആരെയെങ്കിലും കണ്ടുവെച്ചിട്ടുണ്ടോ? ആവോ?”

“പിന്നെ! വെറുതെയാ? ഒരൊന്നാന്തരം സുന്ദരി; 8-ാംതരം പാസ്സായിട്ടുണ്ട്; ചുവന്ന ബ്ലൌസ്, പുള്ളിയുള്ള ചേല, തനിത്തങ്കത്തിന്റെ നിറം. പോരേ വൎണ്ണനം” ഈ വാക്കോരോന്നും അവളുടെ മുഖത്തെ ഓരോ പടിയായി താഴ്ത്തി.

“ഇനി പേര്! രംഭയോ? മേനകയോ?”

“ഹേ, രംഭയും മേനകയുമൊക്കെയെന്തിന്? ആദ്യക്ഷരം മ. അവസാന

New

Taj Mahal Hotel

CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാൎക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാൎട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തേയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നത്.

ത്തേതു തി. മാലതിപ്പൂവിനെപ്പോലെ കണ്ടാലാനന്ദംതോന്നും.'' ആ സംഭാഷണം ഗാഢാശ്ലേഷത്തിൽ ലയിച്ചു.

അന്നത്തെ സന്ധ്യ പതിവുപോലെ ക്രൂരിരുട്ടിലും.

III

ചന്ദ്രശേഖരൻെറയും മാലതിയുടെയും 'വിവാഹസുമുഹൂർത്തമൊന്നുടനെ' നിശ്ചയിച്ചു.

ആ പ്രേമവല്ലിയെ വസന്തം ആഞ്ഞു പുൽകുന്ന വേള ആസന്നമായി. ഹാ! ആ മധുകാലം! എന്തൊരാനന്ദമാണ്! എന്തൊരാത്മനിർവൃതിയാണ്! അതിൻെറ ചിന്ത മാലതിയെ പ്രത്യംഗം പുളകംകൊള്ളിച്ചു. ബാല്യാമൃതല്ലേ നട്ടു നനച്ചു വളർത്തിയ ഓമനച്ചെടി പൂത്തുകാണുന്ന കാഴ്ച! ആരാണതിലാനന്ദരാകാത്തത്!

* * * *

നേതാക്കന്മാർ ജെയിലിലായി. വിദ്യാർത്ഥികൾ സ്കൂളുകൾക്കു പുറത്തും. ഈവക ബഹളങ്ങളിലൊന്നിലും ചെന്നു പെടരുതെന്നുപദേശിച്ചുകൊണ്ടുള്ള കത്തുകൾ നിത്യമെന്നോണം അച്ഛനിൽനിന്നും മാലതിയിൽനിന്നും ചന്ദ്രന്നു കിട്ടിക്കൊണ്ടിരുന്നു.

ശിപായി ഒരു കത്തു ചന്ദ്രൻെറ അച്ഛനു കൊടുത്തു. ചന്ദ്രൻേറതാണ്.

"... ...നിങ്ങളിക്കത്തു വായിക്കുന്ന ചിത്രം ഞാൻ ജെയിലിൽനിന്നു കാണുന്നുണ്ടാവും....... അച്ഛനും അമ്മയും വ്യസനിക്കരുത്........മാലതിയെ നിങ്ങൾ പറഞ്ഞു സമാധാനിപ്പിക്കണം. അവളെ വ്യസനിപ്പിക്കരുത്. രണ്ടുമാസമൊ മറെറാ ഉണ്ടാവും.''

ദീർഘനേരത്തെ നിശ്ശബ്ദത; അന്തരംഗത്തിന്നടിയിൽനിന്നുയരുന്ന നിശ്വാസങ്ങൾ; ചുടുകണ്ണുനീർത്തുള്ളികൾ; അവരിലാർക്കും യാതൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല.

സാധു മാലതി! ദുഃഖക്കരിങ്കാറിൻെറ കരുപ്പ് അവളിപ്പോൾ മാത്രമാണു കണ്ടതു്. അവരുടെ പ്രേമത്തിന്നു കോട്ടമൊന്നും തട്ടിയില്ലെങ്കിലും അതിൻെറ ശകുനം പിഴച്ചു.

വിവാഹബന്ധംകൊണ്ടു ചന്ദ്രൻെറ സ്വച്ഛന്ദവിഹാരത്തിന്നു അവളാൽ പ്രതിബന്ധമുണ്ടാക്കണമെന്ന്—അല്ല, അതിനാലെ അത് സാധിക്കുകയുള്ളുവെന്നു—അച്ഛൻ തീർച്ചപ്പെടുത്തി. അതുകൊണ്ടു ചന്ദ്രൻ ജെയിലിൽനിന്നു വന്ന ഉടനെ അവൻെറ വിവാഹം നടത്താൻ വേണ്ട സകല ഏർപ്പാടുകളും അയാൾ ചെയ്തു. ചന്ദ്രൻെറ വിമോചനം മാത്രമെ ഇനി ആവശ്യമുള്ളൂ. മാലതിയും അതു കാത്തിരുന്നു.

അർദ്ധരാത്രി; ലോകം നിദ്രാധീനം; എങ്ങും ഭയങ്കര നിശ്ശബ്ദത; സകലം

നിശ്ചലം; കുളിർകാററു മന്ദമായി വീശുന്നു. കാമുകനായ തെളിത്തിങ്കളേയും കാത്തിരിക്കുന്ന രാത്രി അവസാനം മുന്നിൽക്കണ്ടതു നിരാശയെയാണ്!

ചിന്താനിമഗ്നയായ മാലതി മുറിക്കുള്ളിലിരിക്കുകയാണ്. പല ചിന്തകളാലും അവളുടെ ഹൃദയം നീറിത്തുടങ്ങി. ഒരു വരണ്ട മണൽപ്പുറം; അതിലങ്ങിങ്ങു ചില മരുപ്പച്ചകൾ കാണും; ഉടൻ അദൃശ്യമാവും; വീണ്ടും കാണും!

അവളിനിയും ഉറങ്ങീട്ടില്ല. മുറിയിലെ വിളക്കുകൂടി ഉറക്കംതൂങ്ങുന്നു.

അന്നായിരുന്നു അവരുടെ വിവാഹത്തിന്നു ആദ്യമായി നിശ്ചയിച്ച ദിവസം.

എന്തൊരു ദാരുണമായ പ്രഹരമാണവൾക്കേററതു്! ചന്ദ്രൻ ജെയിലിലല്ലായിരുന്നെങ്കിൽ ആ വീട് ഇന്നിങ്ങിനെ നിശ്ശബ്ദമായിക്കിടക്കുമായിരുന്നുവോ!

അവളുടെ ഹൃദയത്തിൽ സിനിമാചിത്രങ്ങൾ പാഞ്ഞുതുടങ്ങി. അരിപ്പൂക്കാടിനുള്ളിൽനിന്നു പ്രാണനാഥൻ പറിച്ചുതന്ന ആ അലരിപ്പൂക്കുല;....ചളിയിൽ വീണുകിടക്കുന്ന ആ പൂക്കുല നോക്കിയുള്ള തൻെറ നില്പ്....ആദ്യത്തെ അക്ഷരം മ. അവസാനത്തേതു തി. പിന്നത്തെ ആലിംഗനം.

ഇനി വ്യസനിച്ചിട്ടെന്താണ്? അതുമല്ലെങ്കിൽ ഒരു മാസവുംകൂടി കഴി

GREETINGS

We wish all our Customers and Friends

A Bright and Prosperous New Year.

V. K. R. Venku Iyer Sons

Wholesale & Retail Piece Goods Merchants

BIG BAZAAR, PALGHAT

Branches :— Coimbatore & Bombay.

ഞ്ഞാൽ ചന്ദ്രേട്ടൻ വരികയും ചെയ്യും. മുമ്പത്തെ സന്തോഷമൊക്കെ അപ്പോഴും ആയിക്കൂടെ? തന്നെ സംബന്ധിച്ചേടത്തോളം ഈ വിയോഗം ചന്ദ്രേട്ടന്റെ വിദ്യാർത്ഥിജീവിതകാലത്തുണ്ടായിരുന്നതിൽ കവിഞ്ഞതൊന്നുമല്ല.

എങ്കിലും ജെയിൽവാസം. ആ ക്രൂരിരുട്ടു മാറീട്ടു ഉദയഗിരി ചുവന്നു കാണണമെങ്കിൽ നാളെത്ര കഴിയണം! നീണ്ട നീണ്ട ദിവസങ്ങൾ!

ശരി, അതു കഴിഞ്ഞാലൊ? ഹാ! പിന്നത്തെ ആ സർവ്വവ്യാപിയായ പ്രേമപൂരം; എങ്ങും ആനന്ദം; സർവ്വത്ര സംതൃപ്തി, ആ ബാലാർക്കന്റെ സ്നിഗ്ദ്ധമസൃണമായ കരങ്ങളാലുള്ള മൃദുവായ തലോടൽ; ആ സൂര്യകാന്തി അപ്പോളെത്രമേലാനന്ദംകൊള്ളിക്കുകയില്ല!

അതേ. ചന്ദ്രേട്ടൻ വരുന്നതുവരെ തങ്ങളുടെ പ്രേമപ്പൂച്ചെടി തളരാതെ നില്ക്കണം, വന്നാൽ ക്ഷണത്തിൽ വളരാം.

ആശ അവളെ ഭാവിയിലേക്കു പിടിച്ചുവലിച്ചു. അടിസ്ഥാനമില്ലാത്ത സൌധങ്ങൾ അവൾ കുറേ കെട്ടിപ്പൊക്കി.

വിവാഹാനന്തരമുള്ള ജീവിതത്തിന്റെ ചിത്രം അവളൊന്നു വരച്ചു. അതാകപ്പാടെ ഒന്നു നോക്കി. അവളാനന്ദംകൊണ്ടു തുള്ളിച്ചാടി.

അവൾ മേശപ്പുറത്തുള്ള അന്നത്തെ പത്രമൊന്നു വായിച്ചുതുടങ്ങി. ശ്രദ്ധ ചെല്ലാത്തതിനാൽ അതവിടെയിട്ടു പിന്നെയും നടന്നുതുടങ്ങി. പിന്നെയും പത്രമെടുത്തു വായിച്ചു. ഇത്തവണ അതവളെ ആകർഷിച്ചു. അതിലതാ ഒരു വർത്തമാനം. "....ജെയിലിലെ ഒരു രാഷ്ട്രീയ തടവുകാരനും .... രണ്ടുമാസത്തേക്കു ശിക്ഷിക്കപ്പെട്ടയാളുമായ മി. കെ. ചന്ദ്രശേഖരൻ എന്ന വിദ്യാർത്ഥി വിഷജ്വരം മൂലം മരിച്ചുപോയതായി വിവരം കിട്ടിയിരിക്കുന്നു."

ആകാശത്തിന്റെ അപാരതയിൽനിന്നു രണ്ടു കൊച്ചുനക്ഷത്രങ്ങൾ ഇരുളിന്നടിയിൽ എന്തോ തിരഞ്ഞുനോക്കുന്നു.

നിങ്ങളുടെ ജീവിതരക്ഷക്കു ഞങ്ങളോടന്വേഷിക്കുക

കോച്ചിക്കാർ ബ്രദേഴ്സ് ലിമിറ്റഡ് (ഇന്ത്യൻ സ്റ്റേറ്റുകളടങ്ങിയ ദക്ഷിണേന്ത്യയിലെ പ്രധാന ഏജൻറുമാർ)

ദി ബോമ്പെ ലൈഫ് അഷ്വറൻസ്
കമ്പനി ലിമിറ്റഡ്,
പുതിയറ (കോഴിക്കോട്.)

മറ്റു ആപ്പീസുകൾ :- മംഗലാപുരം, ഉടുപ്പി, തിരുവനന്തപുരം, സേലം, ബങ്കളൂർ, ബോമ്പെ.

അമിതലാഭക്കാരനെ അമർത്താൻ ഏററവും പററിയവഴി

അത്യാവശ്യമല്ലാത്ത സാധനങ്ങൾ യുദ്ധകാലത്തു വാങ്ങുന്നതു ഭോഷത്വമാണ് അമിതവിലക്കു വാങ്ങുമ്പോഴെല്ലാം നിങ്ങൾ നഷ്ടപ്പെടുകയും അമിതലാഭക്കാരനു ലാഭം വർദ്ധിക്കുകയും ചെയ്യുന്നു. പണം ഇന്നു മിച്ചംവെക്കുക അത്യാവശ്യത്തിനുമാത്രം ചെലവാക്കുക! വിജയംമൂലം വീണ്ടും സാധാരണവില നടപ്പിലാകുന്നതുവരെ ആഡംബരത്തിനുവേണ്ടിയുള്ള വാങ്ങൽ നിർത്തിവെക്കുക.

ശ്രദ്ധിക്കണം നിങ്ങൾ സമ്പാദിക്കുന്ന പണം എങ്ങിനെ നിങ്ങൾ സൂക്ഷിക്കുന്നു എന്ന്. സ്വർണ്ണം, വെള്ളി, ഭൂമി, കെട്ടിടം മററുരുപ്പടികൾ എന്നിവ ബുദ്ധിപൂർവ്വമായ നിക്ഷേപമല്ല. ഇപ്പോഴുള്ളവയുടെ അമിതവില തീർച്ചയായും ഒരിക്കൽ ഇടിയും; ചിലപ്പോൾ പെട്ടെന്നു വളരെ യധികം ഇടിഞ്ഞെന്നും വരും.

അപകടമില്ലാതെ വില ഒരിക്കലും ഇടിയാത്തവയും നിങ്ങളുടെ സമ്പാദ്യം സൂക്ഷിക്കണം പരസ്പരസഹായസംഘത്തിൽ നിക്ഷേപിക്കുക ഇൻഷുറൻസിൽ ഇടുക. ഒരു ബാങ്കിലോ അല്ലെങ്കിൽ തപാലാപ്പീസിലെ സേവിങ്ങ്സ് ബാങ്കിലോ അക്കൌണ്ട് തുടങ്ങുക. ഏററവും നല്ലതു് സർക്കാർകടപത്രത്തിലോ സേവിങ്ങ്സ് സർട്ടിഫിക്കററിലോ ആകുന്നതാണ്.

ദിനംപ്രതി എട്ടണ മിച്ചമാക്കുവിൻ

അമിതലാഭക്കാരന് കൊടുക്കുന്നതിനു പകരം നിങ്ങളുടെ പണം ഒരു പെട്ടിയിലിടുക ദിവസേന. 8 അണയോ അതിലധികമോ സമ്പാദിക്കാൻ നോക്കണം; പിന്നെ തുടർച്ചയായി അതെടുത്തു ഇവിടെ കാണിച്ചിട്ടുള്ള ഭദ്രവും പലിശകിട്ടുന്നതുമായ നിക്ഷേപങ്ങളുമായി മാററുക.

നാളേക്ക് സമ്പാദിക്കുക

ദേശീയസമരനിരയുടെ ഒരു ദേശീയാപേക്ഷ

വെള്ളരിക്കയും കക്കരിക്കയും

മലയാളികളുടെ ഭക്ഷണവസ്തുക്കളിൽ അപ്രധാനമല്ലാത്തവയാണ് വെള്ളരിക്കയും കക്കരിക്കയും. കക്കരിക്ക പച്ചയായിത്തന്നെ തിന്നുന്നതു നമ്മുടെ ഒരു പതിവാണല്ലോ. തണുപ്പുള്ളതായതിനാൽ ഉഷ്ണകാലത്തു അതു കുളൎമ്മനൽകുന്നതും തദ്വാരാ പത്ഥ്യവുമായ ഒരാഹാരമാണെന്നതിനു സംശയമില്ല. ഇളംപ്രായത്തിൽ, എണ്ണയൊലിക്കുന്നതുപോലുള്ള വെള്ളരിക്കയും കക്കരിക്കയും കുട്ടികൾ കടിച്ചു തിന്നുന്നതു കാണുക തന്നെ സുഖകരമായ ഒരു കാൎയ്യമാണ്. മിസിസ്സ് വൈസർ എന്ന യൂറോപ്യൻ വനിത "ഗ്രാമീണരായ ഹിന്ദുക്കളുടെ ഭക്ഷണങ്ങൾ" (The Foods of Hindu Village) എന്ന പുസ്തകത്തിൽ ഇപ്രകാരമെഴുതിയിരിക്കുന്നു:—"ഗ്രീഷ്മകാലത്തു മുതിൎന്നവരും സ്ത്രീകളും കുട്ടികളും നീണ്ട പച്ചനിറത്തിലുള്ള വെള്ളരിക്കയും കക്കരിക്കയും ധാരാളമായി തിന്നുന്നതു കാണാം. നിരത്തുവക്കത്തെ കടകളിലും ഉത്സവവേളകളിലും ചന്തകളിലും അവ ധാരാളമായി വില്പനക്കു വെച്ചതായി കാണാം. വീട്ടിന്നകത്തായാലും വെളിപ്രദേശത്തായാലും ഈ പച്ചക്കറിയൊരു സാധാരണ കാൎയ്യമാണ്." വെള്ളരിക്കകൊണ്ടുള്ള കറികൾ പത്ഥ്യമായ ആഹാരമാണെന്നതിനു സംശയമില്ല. ഏതുവിധ ശരീരപ്രകൃതിക്കും വിരുദ്ധമല്ല അതു്.

ഈ ഫലത്തിലടങ്ങിയതും ശരീരത്തിന്നത്യാവശ്യവുമായ വിവിധ ധാതുവൎഗ്ഗങ്ങളുടെ തോതു ചോടെ ചേൎക്കുന്നു, അവയിലടങ്ങിയ ജലാംശത്തെ കഴിച്ചുള്ള ഭാഗങ്ങളിൽ ആയിരത്തിനു പൊട്ടാസിയം 41·20, ലവണം (Sodium) 10.00, കാൽസിയം 7·40, ക്ഷാരം (Magnisium) 4·15, ഇരുമ്പു 64·05, പാഷാണം 17·45, ഗന്ധകം (Sulphur) 5·90, സിലിക്കോൺ 7·00, ക്ലോറൈൻ 5·60 എന്നീതോതിലടങ്ങിയിരിക്കുന്നു. ശരീരത്തിനു രോഗങ്ങൾ ബാധിക്കാതെ കഴിക്കുന്നതിനും വന്നരോഗത്തെ നശിപ്പിക്കുന്നതിനും അത്യാവശ്യമായ ധാതുദ്രവ്യങ്ങളാണിവയെന്നതു വൈദ്യശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടുള്ളതാണ്. തന്നിമിത്തം തന്നെ ആഹാരവസ്തുക്കളിൽ എത്രമാത്രം പ്രാധാന്യമൎഹിക്കുന്നവയാണ് വെള്ളരിക്കയും കക്കരിക്കയുമെന്നു ഇതുകൊണ്ടു പ്രത്യക്ഷമാകുന്നുണ്ടല്ലോ. ജീവന്റെ ചൈതന്യപൂൎവ്വകമായ നിലനില്പിന്നത്യാവശ്യമായ ചുകന്ന രക്താണുക്കളുടെ സൃഷ്ടിക്കും പോഷണത്തിനും പൊട്ടാസ്യം എന്ന ധാതുദ്രവ്യം അത്യന്താപേക്ഷിതമാണെന്നിരിക്കെ ആയതു 41·20 ശതമാനം ഉൾക്കൊള്ളുന്ന കക്കരിക്കയും വെള്ളരിക്കയും എത്രമാത്രം അത്യാവശ്യമായ ഒരു ഭക്ഷണപദാൎത്ഥമാണെന്നുള്ളതു പ്രത്യേകം പ്രതിപാദിക്കേണ്ടതില്ലല്ലോ.

ഉപരിസൂചിതമായ ധാതുവൎഗ്ഗങ്ങളിൽ പൊട്ടാസിയം, സോഡിയം, കാൽസിയം, മഗ്നീഷിയം ഇരുമ്പ് ഇവ ക്ഷാരവൎഗ്ഗത്തിൽപ്പെട്ടതാണ്. അവയെല്ലാംകൂടി വെള്ളരിക്കയിലും കക്കരിക്കയിലും അടങ്ങിയിരിക്കുന്നതു് 64·05ഉം, മററുള്ളവ 35·95 ഉം ഭാഗങ്ങളാണെന്നു മേൽച്ചേൎത്ത കണക്കുകൊണ്ടു കാണാവുന്നതാണല്ലോ. അതായതു വെള്ളരിക്കയും കക്കരിക്കയും ക്ഷാരവൎഗ്ഗ പ്രധാനമായ ഫലങ്ങളാണെന്നൎത്ഥം. ഇവയിലടങ്ങിയ ജലാധിക്യം മൂത്രാശയശുദ്ധിക്കു മാത്രമല്ല മൂത്രത്തിന്റെ സുഗമമായ വിസൎജ്ജനത്തിന്നും സഹായകമാണെന്നും അറിഞ്ഞിരിക്കേണ്ടതാണ്. മുള്ളങ്കി, ബീററ്സ്, ചീര ഇവയോടുകൂടി വെള്ളരിക്കയും കക്കരിക്കയും ഭക്ഷിക്കുന്നതു വാതസംബന്ധമായ രോഗങ്ങളുള്ളവൎക്കു് വളരെ വിശേഷമാണ്. ഇവയുടെയെല്ലാം നീരിന്നു വാതാശന യോഗ്യമായ ഗുണമുണ്ടു്. പക്ഷെ

ഇവയുപയോഗിക്കുമ്പോൾ ധാന്യവൎഗ്ഗങ്ങളും മധുരസാധനങ്ങളും കഴിവുള്ളത്ര വൎജ്ജിച്ചെങ്കിൽ മാത്രമെ വാതാശനമെന്ന അവയുടെ ഗുണം പ്രത്യക്ഷഗുണം ചെയ്യുകയുള്ളു. മാത്രമല്ല, മത്സ്യം, മാംസം, മുട്ട എന്നിത്യാദി കൊഴുപ്പുവസ്തുക്കൾ ഒരു ദിവസത്തെ ഭക്ഷണത്തിൽ നാലൌൺസിലധികം ഉണ്ടായിരിക്കരുതെന്നും പ്രത്യേകം സൂക്ഷിച്ചിരിക്കേണ്ടതാണ്. കക്കരിക്കയിലും വെള്ളരിക്കയിലും അടങ്ങിയ സോഡിയത്തിന്റെ ആധിക്യം കാരണം, മററു ധാതുദ്രവ്യങ്ങളെല്ലാം ഒന്നിച്ചലിഞ്ഞുചേൎന്നു ശരീരബലത്തിന്നത്യാവശ്യമായ സഞ്ചികകൾ പുഷ്ടിപ്പെടുത്തുവാനും ശരീരത്തിലത്യാവശ്യമല്ലാത്ത വസ്തുക്കൾ വിസൎജ്ജിപ്പിക്കുവാനും സഹായകമായിത്തീരുന്നുണ്ട്.

ദേഹാരോഗ്യത്തിന്നത്യാവശ്യമായ ഭക്ഷണക്രമവും വസ്തുക്കളും തിട്ടപ്പെടുത്തുന്നതിന്നുള്ള പരിശ്രമങ്ങൾ ഊൎജ്ജിതമായി ഇന്നു നടന്നുവരുന്നുണ്ടല്ലോ. ഇവയിൽ വെള്ളരിക്കക്കും കക്കരിക്കക്കും പ്രധാനമായ ഒരു ഭാഗം കല്പിച്ചുകൊടുക്കേണ്ടതത്യാവശ്യമാണെന്നതിന്നു സംശയമില്ല. അത്രക്കുണ്ട് അവയിലടങ്ങിയ ഔഷധഗുണത്തിന്റെ ആധിക്യം.

നിങ്ങളുടെ കുട്ടികൾക്ക്
സജീവമായ ആരോഗ്യം
നേടുവാൻ

കൃത്രിമമായ അനുകരണങ്ങൾ നിഷേധിപ്പിൻ. നിങ്ങൾ വാങ്ങുന്നത് കോഴിക്കോട്ടു, ഗവമ്മേണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ട് ബ്രാണ്ട്) "ഷാൎക്ക് ലിവർഓയിൽ" തന്നെയല്ലെ എന്നു സൂക്ഷിച്ചു മനസ്സിലാക്കുക. എല്ലായിടത്തും കിട്ടും.

SHARK LIVER OIL

AVAILABLE EVERYWHERE — MGB (MADRAS GOVERNMENT BRAND) — REFUSE SPURIOUS IMITATIONS

GOVERNMENT OIL FACTORY, CALICUT

ഏജൻറമാർ:—മെസ്സേർസ്സ് പാരി & കമ്പനി, ലിമിററഡ്, മദിരാശി.

ബാലപംക്തി

ബ്രിട്ടീഷ് ഗയാനയിലെ കുട്ടികൾ

സി. പി. ശർമ്മ, ബി. എ; എൽ. ടി.

ടോമിൻെറ അച്ഛൻ ഒരു കരിമ്പുതോട്ടക്കാരനാണ്. അദ്ദേഹം വളരെ ദൂരെയുള്ള ബ്രിട്ടീഷ് ഗയാനയിൽ വസിക്കുന്നു. ഇതു് തെക്കെ അമേരിക്കയിലെ ഒരു ഭാഗമാണ്.

ടോം വസിക്കുന്ന ജില്ലയുടെപേർ ഡമറാറാ എന്നാണ്. അവിടത്തെ പഞ്ചസാര തവിട്ടുനിറത്തിലുള്ള തരികളായി ഇവിടങ്ങളിൽ അങ്ങാടികളിൽ വില്ക്കുന്നു.

ഡമറാറാ ജില്ല വളരെ താണ പ്രദേശമാണ്. ചില സ്ഥലങ്ങൾ സമുദ്രത്തിൽ വെള്ളം നിൽക്കുന്ന നിരപ്പിൽനിന്നുപോലും താണതാണ്. അതുകൊണ്ടു് കടൽവെള്ളം ഉള്ളിലേക്കു കടക്കാതിരിപ്പാൻ കരിങ്കല്ലുകൊണ്ടു് നാലുഭാഗത്തും ഒരു ഉയൎന്ന അണക്കെട്ടു കെട്ടിയുണ്ടാക്കീട്ടുണ്ടു്. ഈ അണക്കെട്ടില്ലെങ്കിൽ കടലിലെ വെള്ളം രാജ്യത്തിന്നുള്ളിലേക്കു കടക്കും.

ടോം തൻെറ രാജ്യമായ ഇംഗ്ലണ്ടിൽനിന്നു് ഇങ്ങോട്ടു വന്നതാണ്. ഇംഗ്ലീഷുകാർ കരിമ്പ്, റബ്ബർ, കാപ്പി, ചായ മുതലായവ ലോകത്തിൽ പല ഭാഗങ്ങളിലും കൃഷിചെയ്തുണ്ടാക്കി ധാരാളം പണം സമ്പാദിച്ചിട്ടുണ്ടു്. അതാതു നാട്ടിലെ അനവധി കൂലിക്കാൎക്കു് ഈവക തോട്ടങ്ങൾ ഉപജീവനത്തിന്നുള്ള മാൎഗ്ഗമായിത്തീൎന്നിട്ടുണ്ടു്. നമ്മുടെ നാട്ടിന്നടുത്തുതന്നെ ഓറഞ്ച്, കാപ്പി, ചായ, റബ്ബർ മുതലായവ ഉണ്ടാകുന്ന തോട്ടങ്ങൾ അനവധിയുണ്ടല്ലൊ. അതുപോലെ ടോമിൻെറ അച്ഛൻ കരിമ്പുതോട്ടം വെക്കാൻ ഗയാനയിലേക്കു തൻെറ കുടുംബത്തോടുകൂടി വന്നതാണ്.

ടോം തൻെറ ചങ്ങാതിമാരോടുകൂടി സ്കൂളിലേക്കു പോകുന്നു. ഒഴിവുദിവസങ്ങളിൽ അവർ ക്രിക്കററും ടെന്നിസ്സും കളിച്ചാണ് സമയം പോക്കുന്നതു്. ചില ദിവസങ്ങളിൽ വൈകുന്നേരം ടോം ട്രാമിൽ കയറി കടൽതീരത്തേക്കു പോകുന്നു. അവിടെ മണലിൽ കുഴികുഴിച്ചും കിടന്നുരുണ്ടും കളിക്കാൻ അവന്നു് എന്തു താല്പൎയ്യമാണ്!

ഗയാന നമ്മുടെ രാജ്യത്തെപ്പോലെ ഉഷ്ണമേഖലയിൽ കിടക്കുന്ന ഒരു രാജ്യമാണ്. എങ്കിലും കടലിൽനിന്നു് എല്ലായ്പോഴും തണുത്ത കാററു് ഉള്ളിലേക്കു വീശുന്നതുകൊണ്ടു് ഉഷ്ണം അത്ര അധികം തോന്നുകയില്ല.

ചിലപ്പോൾ അവൻ സിനിമ കാണാൻ പോകും. അവന്റെ അച്ഛന്ന് ഒരു 'വയർലസ്സ്' സെററുണ്ട്. ചിലപ്പോൾ അവൻ അതു ഉപയോഗിച്ച് ലോകത്തിലെ പല രാജ്യങ്ങളിലെയും വർത്തമാനങ്ങൾ അറിയാറുണ്ട്.

ടോം പലപ്പോഴും അച്ഛന്റെ തോട്ടത്തിലേക്ക് പോകും. കരിമ്പുകൾ വളരുന്നതു് താണ ചതുപ്പുനിലങ്ങളിലാണ്. അവിടെ നിലമെല്ലാം ചതുരക്കള്ളികൾപോലെ തിരിച്ച് ഇടക്കിടക്ക് വെള്ളച്ചാലുകൾ കീറിയുണ്ടാക്കുന്നു. ടോമും അച്ഛനും ഒരു ചെറിയ തോണിയിലിരുന്നു ഈ ചാലുകളിൽക്കൂടി, ചാഞ്ഞുനിൽക്കുന്ന കരിമ്പിൻചെടികളെ കൈകൊണ്ട് മാററി, തുഴഞ്ഞുകൊണ്ടുപോകുന്നു.

പഞ്ചസാര കരിമ്പിൻതടിയിലാണുള്ളതു്. ടോം ചിലപ്പോൾ കരിമ്പിൻതടി മുറിച്ച് ചവക്കും. കരിമ്പ് എത്ര മധുരമുള്ളതാണെന്നു നമുക്കെല്ലാം അറിയാമല്ലോ.

കരിമ്പിൻതടികൾ സുമാർ പതിനെട്ടടി ഉയരം (അതായതു്, മൂന്നാളുടെ ഉയരം) വളന്നാൽ അവയുടെ അററത്തു കൂട്ടംകൂട്ടമായി ഒരുജാതി പൂക്കളുണ്ടാകും. അപ്പോൾ കരിമ്പിൻതടികളെ മുറിക്കുന്നു. നമ്മുടെ രാജ്യത്തെ കരിമ്പിൻതടിക

Telegrams: "FLOWER" Telephone No 68.

The South India Corporation (Madras) Ltd.,

H. O. Chettinad.

1. കമേർസിയൽ എമ്പോറിയം, മിഠായിത്തെരുവ്, കോഴിക്കോട്.
   ഇവിടെ കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കപ്പെടുന്ന എല്ലാവിധ ശീലത്തരങ്ങളും വില്ക്കപ്പെടുന്നു.

2. പ്രൊഡ്യൂസ് ഡിപ്പാർട്ട്മെന്റ്, വലിയങ്ങാടി, കോഴിക്കോട്.
   ധാന്യങ്ങളും എണ്ണകളും മൊത്തമായും ചില്ലറയായും ഇവിടെ കച്ചവടം നടത്തുന്നു

3. ഹാഡ്വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റ്,
   റോബിൻസൺ റോഡ്, കോഴിക്കോട്.
   ഇവിടെ സൈക്കിൾ, സ്പെയർപാർട്ടുകൾ, എലക്ട്രിക്ക് സാമഗ്രികൾ, ഇരുമ്പ്, പിച്ചള സാമാനങ്ങൾ മുതലായവ വില്ക്കപ്പെടുന്നു.

Distributors:- BLOOD VITA & ASCUE PAINTS.

ളേക്കാരം ഗയാനയിലെ കരിമ്പിൻതടികരം വളരെ അധികം നീളവും വണ്ണവും ഉള്ളവയാണ്.

ഈ രാജ്യത്തിലെ പൂർവ്വനിവാസികരം "ചുവന്ന ഇന്ത്യക്കാർ" എന്നു വിളിച്ചുവരുന്നവർഗ്ഗക്കാരാണ്. അവക്കു മററുള്ളവരുടെ കീഴിൽ പ്രവൃത്തിചെയ്യുന്നതു് വളരെപോരായ്മയാണ്. അതുകൊണ്ടു് കറുത്ത നീഗ്രോ വർഗ്ഗക്കാരും മഞ്ഞനിറമുള്ള ചൈനക്കാരുമാണ് തോട്ടങ്ങളിൽ പ്രവർത്തിക്കുന്നവർ.

കരിമ്പെല്ലാം മുറിച്ചുകഴിഞ്ഞാൽ തോണികളിലാക്കി യന്ത്രശാലക്കു കൊണ്ടുവരുന്നു. കരിമ്പിൻവെള്ളം ടിന്നുകളിലാക്കി അതിൻെറ ചണ്ടി കത്തിച്ചുകളയുന്നു. കരിമ്പിൻതോട്ടത്തിലുണ്ടാകുന്ന യാതൊരു സാധനത്തേയും ഉപയോഗമില്ലാതെ കളയുന്നില്ല.

കടൽതീരത്തുനിന്നു രാജ്യത്തിൻെറ ഉള്ളിലോട്ടു പോയാൽ അവിടെ വലിയ കാടുകളുണ്ട്. ഈ വൻകാടുകളിലാണ് ചുവന്ന ഇന്ത്യക്കാർ വേട്ടയാടി ജീവിതം കഴിച്ചുകൂട്ടുന്നതു്.

മോയ് ചുവന്ന ഇന്ത്യക്കാരുടെ വർഗ്ഗത്തിൽപെട്ട ഒരു ചെറിയ കുട്ടിയാണ്. അവൻ 'മക്രുസി' വംശത്തിൽപെട്ടവനാണ്. പകൽ മുഴുവൻ അവൻ വെയിലത്തു ഓടിച്ചാടി നടക്കുന്നു. വെയിൽകൊണ്ടു് അവൻെറ നിറം ചെമ്പിൻതകിടിൻേറതുപോലെയായിട്ടുണ്ട്.

അവൻ ഒരു തോർത്തുമുണ്ടു മാത്രം ധരിക്കുന്നു. ഓടകരം കോർത്തു് അവൻ ഒരു ബെൽട്ടും ഉണ്ടാക്കീട്ടുണ്ട്. കാട്ടിനുള്ളിൽ കുറെ സ്ഥലം വെട്ടിത്തെളിയിച്ചു അവിടെയാണ് മോയിയും വീട്ടുകാരും പാർക്കുന്നതു്. പുഴയിൽനിന്നു മോയി പാർക്കുന്ന സ്ഥലത്തേക്കു ഒരു ചെറിയ ഊടുവഴിയുണ്ട്.

അവൻെറ വീടു നാലു മരക്കുററികരം കുഴിച്ചിട്ടു് വിലങ്ങനെ രണ്ടു തടികരംവെച്ചു് മുകളിൽ പട്ടകൊണ്ടു മേഞ്ഞതാണ്. മുൻവശത്തും പിൻവശത്തും ഉള്ളിലേക്കു കടപ്പാൻ ഓരോ വഴി വിട്ടു്, മററു ഭാഗങ്ങളെല്ലാം പട്ടകൊണ്ടു അടച്ചുകെട്ടിയിരിക്കയാണ്. നിലത്തു ഭംഗിയുള്ള വെളുത്ത മണൽ നിരത്തിയിരിക്കുന്നു. നടുക്കു ഒരു തീ കൂട്ടീട്ടുണ്ട്. പട്ടകൊണ്ടുള്ള ചുമരിൽ അനവധി അമ്പും വില്ലും തൂങ്ങിക്കിടക്കുന്നുണ്ട്.

രാവിലെ എഴുന്നേററാൽ മോയ് തൻെറ അച്ഛനമ്മമാരൊന്നിച്ചു് പുഴയിൽ പോയി കുളിക്കും. പിന്നീടു ജോലിയൊന്നുമില്ലെങ്കിൽ വീട്ടിനുള്ളിൽ പുകവലിച്ചുകൊണ്ടു കിടക്കും. പുകവലിക്കുന്നതു അവിടെയുണ്ടാകുന്ന പുകയില ഉണക്കി അതുകൊണ്ടു ചുരുട്ടുണ്ടാക്കീട്ടാണ്.

വീട്ടുജോലികളെല്ലാം അവൻെറ അമ്മ ചെയ്യുന്നു. വെള്ളം കൊണ്ടുവരികയും, വിറകു വെട്ടുകയും, മരക്കിഴങ്ങു് പുഴക്കിയെടുത്തു് ഉണക്കിപ്പൊടിച്ചു അപ്പമുണ്ടാക്കുകയും—ഇതെല്ലാം അമ്മയുടെ മാത്രമായുള്ള ജോലിയാണ്.

മോയ് ഒരു 'കലണ്ടർ' ഉണ്ടാക്കീട്ടുണ്ട്. ഇതു ഒരു ചരടാണ്. ഓരോ ദിവസവും കഴിഞ്ഞാൽ ചരടിൽ ഓരോ കെട്ടിടും. അങ്ങിനെ ഇവർ ദിവസം കണക്കാക്കുന്നു. ഇങ്ങനെ ഒരു കൊല്ലം കഴിഞ്ഞാൽ ഒരു വലിയ ഉത്സവദിവസമുണ്ട്. അന്നു കേമമായ സദ്യയുണ്ടാകും. ഒരു വർഗ്ഗത്തിൽപെട്ട ആളുകളെല്ലാം അന്നു ഒന്നിച്ചു ചേരും.

മുളയോ ചൂരലോ പൊളിച്ചു മെടഞ്ഞുണ്ടാക്കിയ കൊട്ടകളിൽ മരക്കിഴങ്ങു പൊടിയുമായി അന്നു രാവിലെ മുതൽ വിരുന്നുകാർ വരാൻതുടങ്ങും. അവരവർക്കുള്ള ആഹാരസാധനങ്ങൾ അവംവർതന്നെ കൊണ്ടുവരുന്നു. ഇങ്ങിനെയായാൽ സദ്യകഴിക്കാൻ വളരെ എളുപ്പമല്ലെ?

പിന്നീടു അവർ ഒരു ജാതി വീഞ്ഞുണ്ടാക്കും. ആദ്യമായി മരക്കിഴങ്ങു തീയിലിട്ടു ചുടും. പിന്നീടു അതു കഷണങ്ങളാക്കി, വന്നിട്ടുള്ള സ്ത്രീകളെല്ലാം ഓരോ കഷണമായി വായിലിട്ടു ചവയ്ക്കും. ഇങ്ങിനെ ചവച്ച കഷണങ്ങൾ ഒരു പാത്രത്തിൽ തുപ്പി നല്ലപോലെ തിളപ്പിക്കും. അതിൽ കുറെ കരിമ്പിൻചാറും ഒഴിക്കും. ഇതാണ് വീഞ്ഞ്!

കുട്ടികൾക്കു അന്നു എന്തു തിരക്കാണെന്നോ! മോയ്‌യും കൂട്ടുകാരും ആമകളുടെ മുട്ടകൾ പെറുക്കാനും തേനീച്ചക്കൂട്ടുകൾ ശേഖരിക്കാനും പോകും. ചില കുട്ടികൾ തോണിയിൽ മത്സ്യംപിടിക്കാൻ പോകും.

ഉച്ചയായാൽ എല്ലാവരും വർഗ്ഗത്തലവന്റെ വീട്ടിൽ എത്തിച്ചേരും. അവിടെ വലിയ ഒരു തീ കൂട്ടീട്ടുണ്ട്. തീയുടെ ചുററും എല്ലാവരും വട്ടത്തിൽനിന്നു പാട്ടുപാടി കളിക്കുന്നു. പിന്നീടു അപ്പം തിന്നു വീഞ്ഞു കുടിക്കുന്നു. അതിന്നുശേഷം കുട്ടികളുടെയും യുവാക്കളുടെയും വിനോദങ്ങളാണ്. ചിലർ നരിയെപ്പോലെ വേഷംകെട്ടി മററുള്ളവരെ എതിർക്കുകയും നരിയെപ്പോലെ നിലവിളിക്കുകയും ചെയ്യും. ഇതു കൂടാതെ വില്ല്, കുന്തം ഇവകൊണ്ടുള്ള പല വിനോദങ്ങളുമുണ്ടാകും. പിന്നീടു കവിണകൾകൊണ്ടു പക്ഷികളെ വീഴ്ത്തും. ഇങ്ങനെ ഓരോ വിനോദങ്ങളിൽ ഏർപ്പെട്ടു അന്നത്തെ ദിവസം കഴിയും. പിറേറന്നാൾ പ്രഭാതമായാൽ എല്ലാവരും അവനവന്റെ വീട്ടിലേക്കു മടങ്ങും.

വട്ടാമ്പൊയിൽ
ചാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A. V. OIL
രക്തദുഷ്യത്തിന്നു അത്യുത്തമം.
K. V. KRISHNAN
THE ANGLO INDIAN PHARMACY, CALICUT.

കുറിപ്പുകൾ

1944:—

"റവ്യൂ"വിൻെറ ബന്ധുക്കൾക്കും അഭ്യുദയകാംക്ഷികൾക്കും ഞങ്ങൾ സശോഭനമായ പുതുവത്സരാശംസ നേൻകൊള്ളുന്നു. ലോകത്തിൽ പൊതുവെയും നമ്മുടെ രാജ്യത്തു പ്രത്യേകിച്ചും അതീവ വിഷമമായ ഒരു വൎഷമാണു് നാം പിന്നിട്ടിരിക്കുന്നതു്. ഭയങ്കരമാംവണ്ണം പടൎന്നുപിടിച്ച കോളറയും തജ്ജന്യമായ മരണവും കഴിഞ്ഞാണ്ടിലാണു് മലബാർകാൎക്കു അനുഭവപ്പെട്ടതു്. പട്ടിണി ദുൎദ്ദേവതയുടെ ക്രൂരതക്കു് ആയിത്തീരുവാൻ ബങ്കാളിന്നു ദൌൎഭാഗ്യം നേരിട്ടതും ഇക്കഴിഞ്ഞ വൎഷത്തിൽതന്നെ. ഇതേ വൎഷത്തിൽതന്നെയായിരുന്നു യുദ്ധം അതിൻെറ മൂൎദ്ധന്യദശയിലെത്തിയതു്. എന്നാൽ പ്രത്യാശയിലേക്കു വഴിതെളിയിച്ചുംകൊണ്ടാണു് പ്രസ്തുത വൎഷം അവസാനിച്ചിരിക്കുന്നതെന്നതിലാണു് സ്വല്പമെങ്കിലും ആശ്വാസത്തിന്നു കാരണമായിരിക്കുന്നതു്. അച്ചുതണ്ടു ദുർമ്മൂൎത്തികളുടെ ഔന്നത്യത്തിന്നു അതിരിട്ടതും, അവരുടെ കോട്ടയിൽ അങ്ങോട്ടുചെന്നാക്രമിക്കുവാൻ സഖ്യശക്തികൾക്കു സാധിച്ചതും, ശത്രുക്കളുടെ അവസാന സമരത്തിലേക്കുള്ള പദ്ധതികൾ തെഹറാനിൽവെച്ചാലോചിച്ചുറച്ചതും കഴിഞ്ഞാണ്ടിൻെറ അവസാനത്തിലാണല്ലൊ. തെഹറാൻ സമ്മേളനത്തിൽ ആലോചിച്ചുറച്ചതുപ്രകാരം രണ്ടാം യുദ്ധരംഗം സമാരംഭിക്കേണ്ടതിന്നുള്ള സൈനിക മേധാവികളെക്കൂടെ നിശ്ചയിച്ചുകഴിഞ്ഞു. ഇനി അതു എവിടെ എപ്പോൾ ആയിരിക്കുമെന്നതു കണ്ടുമാത്രം അറിയേണ്ടതാണു്. രണ്ടാം സമരരംഗത്തിൻെറ സൎവ്വസൈന്യാധിപനായി നിയമിക്കപ്പെട്ട ജനറൽ ഈസൻ ഹോവർ, വിജയം 1944-ൽ നിശ്ചയമാണെന്നു പ്രവചനം ചെയ്തിരിക്കുന്നു. അങ്ങിനെ യുദ്ധത്തിൽ പ്രജായത്തശക്തികളുടെ വിജയം കൈവരുന്നതിന്നും അതോടുകൂടി പ്രശാന്തസുന്ദരവും ആക്രമണഭീഷണിരഹിതവുമായ ഒരു ലോകത്തിൻെറ ആരംഭം കുറിക്കുന്നതിന്നും പററിയ പ്രത്യാശയോടും പ്രതീക്ഷയോടും പരിതസ്ഥിതിയോടുംകൂടിയാണു് പുതുവത്സരം ഉദയംചെയ്തിരിക്കുന്നതു്. ഈ പ്രത്യാശയും പ്രതീക്ഷയും 1944-ാം വൎഷത്തിൽ തികച്ചും സഫലമായിത്തീരട്ടെ.

റേഷൻ:—

ഈ ജനവരി 2-ാംനു- മുതൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നീ നഗരങ്ങളിൽ അരി റേഷൻ ആരംഭിച്ചിരിക്കുന്നു. പാലക്കാട്ടും ബ്രിട്ടീഷു കൊച്ചിയിലും റേഷൻ അടുത്തുതന്നെ ആരംഭിക്കേണ്ടതിന്നു നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. മിതമായ തോതിലെങ്കിലും ഈ നഗരങ്ങളിൽ സകലൎക്കും സമാനമായവിധ

ത്തിൽ അരി കിട്ടുമെന്നു റേഷൻ നടപ്പിലായതുമൂലം വിശ്വസിക്കാവുന്നതാണ്. എന്നാൽ, നാട്ടിൻപുറങ്ങളിൽനിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടിണിപ്പാടിന്റെ വാർത്തകൾ ഭയങ്കരവും ഹൃദയഭേദകവുമാണെന്നു പറയാതെ നിവൃത്തിയില്ല. ചിറക്കൽ താലൂക്കിലൊരിടത്തു പട്ടിണി സഹിപ്പാൻ കഴിയാതെ ഒരമ്മയും മക്കളും സ്വന്തം ഭവനത്തിന്നു തീക്കൊടുത്തു അതിൽകിടന്നു ആത്മഹത്യ ചെയ്തിരിക്കുന്നുപോലും! മലബാറിലേക്കുള്ള അരിയുടെ ക്വോട്ട കുറച്ചതിലുള്ള അനാശാസ്യതയെപ്പററി കഴിഞ്ഞ ലക്കം "റവ്യൂ"വിൽ ഞങ്ങൾ അഭിപ്രായപ്പെട്ടിട്ടധികംക്കഴിഞ്ഞിട്ടില്ല. അപ്പോഴേക്കും ഇതാ ഇത്തരത്തിലുള്ള ഒരു സംഭവം നാട്ടുപുറങ്ങളിൽനിന്നു കേൾക്കാറായിരിക്കുന്നു. മൂന്നും നാലും ദിവസങ്ങളിലായി അരികിട്ടാതെ നാട്ടുപുറത്തുള്ളവർക്കു പട്ടിണി കിടക്കേണ്ടിവരുന്നുവെന്ന വർത്തമാനം ഹൃദയഭേദകമെങ്കിലും വെറും വാസ്തവം മാത്രമാണ്. മലബാറിലെ ഭക്ഷണസ്ഥിതിയെപ്പററിയുള്ള റിപ്പോർട്ടിന്നു ഭക്ഷണകാര്യത്തിന്റെ മേൽനോട്ടം വഹിക്കുന്ന മദിരാശിയി

ഒഴിഞ്ഞ കുപ്പികൾ തിരിച്ചുകൊടുക്കുക!

"മദിരാശി ഗവർമ്മേണ്ട് ബ്രാണ്ട്"

സ്രാവെണ്ണ

"മദിരാശി ഗവർമ്മേണ്ട് ബ്രാണ്ട്"

ഉപയോഗിച്ച വേറൊരുകുപ്പി മേടിക്കുമ്പോൾ ആദ്യത്തെ ഒഴിഞ്ഞ പച്ചക്കുപ്പി കേടുവരുത്താതെ തിരിച്ചുകൊടുക്കുവാൻ അപേക്ഷിക്കുന്നു. അങ്ങിനെ കൊടുക്കുന്ന ഓരോകുപ്പിക്കും താഴെക്കാണിച്ച വില കൊടുക്കുന്നതിന്നു വില്പനക്കാരെ അധികാരപ്പെടുത്തീട്ടുണ്ട്.

കേടുതട്ടാത്ത ബെയിക്ക് ലയിററ് മൂടിയോടുകൂടിയതിന്നു 4-ണ.

മൂടിയില്ലാത്തതിന്നു 3-ണ.

നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

മാനേജർ,

ഗവർമ്മേണ്ട് ഓയൽ ഫാക്ടറി, കോഴിക്കോട്

ലെ അഡൈ്വസർ മലബാർ കലക്ടരുടെ റിപ്പോർട്ടിന്നാവശ്യപ്പെട്ടിട്ടുണ്ടെന്നും, കലക്ടരുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ മലബാറിലേക്കുള്ള സപ്ലൈയുടെ കാൎയ്യത്തിൽ ചില ഭേദഗതികൾ ചെയ്യുമെന്നും കേൾക്കുന്നു. അതെന്തായാലും മലബാറിലേക്കുള്ള അരിയുടെ ക്വോട്ടവൎദ്ധിപ്പിക്കുകയും, ആയതു ചുരുങ്ങിയതോതിലെങ്കിലും സകലൎക്കും ലഭിക്കുവാൻ തക്കവിധത്തിൽ മലബാറൊട്ടുക്കു ഒരുവിധം റേഷൻ സമ്പ്രദായം നടപ്പാക്കുകയും ചെയ്യേണ്ടതിന്നു ഇനിയൊട്ടും വൈകിച്ചുകൂട എന്നു ഞങ്ങൾ സുദൃഢം അഭിപ്രായപ്പെട്ടുകൊള്ളുന്നു. അരികഴിച്ചാൽ പൊതുജനങ്ങൾക്കത്യാവശ്യമായ മണ്ണെണ്ണ, പഞ്ചസാര ഇവയെപ്പററിയേടത്തോളവും കോഴിക്കോട് മുതലായ നഗരങ്ങളിൽ അവ വിതരണം ചെയ്യുന്നതിന്നു റേഷനിങ്ങ് ഡെപ്പൊകാൎക്കു വിട്ടുകൊടുത്തുകൊണ്ടു് കല്പനയായിരിക്കുന്നു. അതും മററു സ്ഥലങ്ങളിൽ അചിരേണ നടപ്പിൽ വരുത്തേണ്ടതാണെന്നതിൽ രണ്ടുപക്ഷമില്ല. പക്ഷെ, പഞ്ചസാരയും മണ്ണെണ്ണയും അരിയുടെ റേഷൻകാർഡുകൾക്കനുസരിച്ചവിധത്തിൽ എല്ലാവൎക്കും ആവശ്യമില്ലാതിരിക്കുവാനിടയുള്ളതു് അധികൃതന്മാരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടെങ്കിലും ഈ സാധനങ്ങൾ വാങ്ങി അവ കള്ളക്കമ്പോളത്തിലേക്ക് പോകാതിരിപ്പാൻ സൂക്ഷിക്കുന്നതിന്നു ഡെപ്പൊ ഉടമസ്ഥന്മാരെയാണ് അധികൃതന്മാർ ഉത്തരവാദപ്പെടുത്തിയിരിക്കുന്നതു. ഈ നിൎദ്ദേശം ഉത്തമോദ്ദേശത്തോടെ ഡെപ്പൊ ഉടമസ്ഥന്മാർ നിൎവ്വഹിക്കുന്നുണ്ടോ എന്നു കൎശ്ശനമായി പരിശോധിക്കേണ്ടതാണെന്നാണ് ഈയവസരത്തിൽ അധികൃതന്മാരോടു ഞങ്ങൾക്കുൽബോധിപ്പിക്കുവാനുള്ളത്. ഓരോ റേഷൻകാർഡുകാരനും ലഭിക്കേണ്ട പഞ്ചസാരയുടേയും മണ്ണെണ്ണയുടെയും വിഹിതവും അരിറേഷൻപോലെ ഒരുത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ക്ലിപ്തപ്പെടുത്തുന്നതായിരിക്കും കൂടുതൽ ആശാസ്യമായിരിക്കുക എന്നുകൂടി ഞങ്ങൾക്കഭിപ്രായമുണ്ടു്.

ഇന്ത്യാഗവൎമ്മെണ്ടിൽ റജിസ്ട്ര് ചെയ്ത സിദ്ധൌഷധങ്ങൾ

25 കൊല്ലമായി അനേകരോഗികൾ ഉപയോഗിച്ചു സുഖിച്ചുവരുന്നു.

മദനകാമേശ്വരി ലേഹ്യം	1-റാ. 8ക.	കാമാനന്ദരസായനം ഡപ്പി 1-ക്ക്	1½ക.
അസ്ഥിസ്രാവസംഹാരിലേഹ്യം	1-റാ. 3ക.	പിത്തരോഗസംഹാരി ഡപ്പി 1-ക്ക്	1½ക.
വാതസംഹാരി കുപ്പി 1-ക്ക്	2ക.	കസ്തൂരി ഗുളിക കുപ്പി 1 (200)	1ക.

ഔഷധപ്പട്ടിക ഇനാം. വി. പി. ചിലവു പ്രത്യേകം

എം. ജെ. വൈദ്യർ (Regd I. M. P.) തൊയക്കാവ്, P. O. S. M

Sidhoushadasala & Co, P. O. TOYAKAVU, (Manalur A. O.)

കൈപ്പററി:—

മെസ്സേർസ്സ് കോമൺവെൽത്ത് ട്രസ്റ്റ് കമ്പനിക്കാരുടെ 1944-ലെ കമനീയമായ ആപ്പീസ്സ് കലണ്ടരും പൊക്കററ് ഡയറിയും, "ദേശാഭിമാനി" പ്രസിദ്ധീകരണശാലവക ചുമർ പഞ്ചാംഗവും (ഇംഗ്ലീഷ്, മലയാളം, അറബിക്ക് തീയ്യതികളടങ്ങിയതു) കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

M. A. E. Schools, Kuthanoor, Tholanoor, Pallamchathanoor.

ആവശ്യമുണ്ട്

ഹയർ എലിമെണ്ടറി ട്രെയിനിങ്ങ് പാസ്സായ ഹിന്തു, മസ്ലിം മാസ്റ്റർമാരെയും, മിസ്റ്റ്റസ്സുമാരെയും ആവശ്യമുണ്ട്. ശരിയായ ഗ്രാണ്ട് തോതു ശമ്പളമായും, പ്രത്യേകമായി താമസിക്കുവാൻ സ്ഥലവും, ട്യൂഷനും ഏപ്പാടുചെയ്തുകൊടുക്കുന്നതാണ്. ഭാര്യാഭർത്താക്കന്മാരൊ, സഹോദരീസഹോദരന്മാരൊ ആയ മിസ്റ്റ്റസ്സ്മാർക്കും, മാസ്റ്റർമാർക്കും പ്രത്യേക സൌകര്യമുണ്ടായിരിക്കുന്നതാണ്.

അധികവിവരങ്ങൾ താഴെ എഴുതുന്ന വിലാസത്തിൽ 4ണ. മുദ്രസഹിതം അപേക്ഷിക്കുക.

K. K. NAIR, Manager,
(Post) Kuthanoor, Palghat Taluk.

യുദ്ധകാലത്തു സാധന വിലയുടെ ആധിക്യം പണത്തിൻെറ വിലയിടിക്കുന്നു.

ഡിഫൻസ് ബോൺഡ്സിലും

നാഷനൽ

സേവിങ്ങ്സ് സർട്ടിഫിക്കററുകളിലും

പണം നിക്ഷേപിച്ചു

ലാഭമെടുക്കുക

സത്യദ്ധം വായിച്ചറിയുക! FREE!! 2000 ബുക്കുകഠം ഇനാം!!

നിങ്ങളുടെ ശാരീരികവും മാനസികവും ധാതുസംബന്ധവുമായ
എല്ലാവിധ രോഗങ്ങഠംക്കും ക്ഷീണങ്ങഠംക്കും

സുഖാനന്ദകല്പം രസായനം

പഞ്ചാബ് സാലാമിസ്രി, അഷ്ടവർഗ്ഗം മുതലായവ ചേർത്തുണ്ടാക്കിയതു്..
ഉപയോഗിച്ചു പരിപൂർണ്ണ സുഖവും പരമാനന്ദവും അനുഭവിപ്പിൻ.
21 ദിവസത്തേക്കുള്ള ഡപ്പിക്ക് 1ക. 8ണ. അഞ്ചൽ—തപാൽക്കൂലി 8ണ.
അധികവിവരങ്ങഠംക്കു സുഖാനന്ദകല്പം പുസ്തകം വായിക്കുക. എല്ലാവക്കും വെറുതെ കൊടുക്കുന്നതാണ്. V. P ആയി ആവശ്യപ്പെടുക.

മാനേജർ, ദിവ്യൗഷധശാല, മണലൂർ Via തൃശ്ശൂർ C. S,

12 കൊല്ലത്തെ വേദന പത്തുദിവസംകൊണ്ടു്.

ഹക്കിം പി. കെ. എം. സാഹിബു അവർകഠംക്ക്,
ദാറുസിഫാ അറബിക്ക് മെഡിക്കൽ ഹാഠം, ചങ്ങനാശ്ശേരി.

Sir, എന്റെ ഭാര്യ പുത്തൻപറമ്പിൽ ലക്ഷ്മിയമ്മയുടെ പന്ത്രണ്ടുകൊല്ലത്തെ പഴക്കമുള്ളതും അനേകം ചികിത്സ നടത്തിയതുമായ വയററിൽവേദന, ഉരുണ്ടുകയററം മുതലായ രോഗങ്ങഠം താങ്കളുടെ പത്തുദിവസത്തെ ചികിത്സയാൽ പൂർണ്ണസുഖം പ്രാപിച്ചവിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

മാനഴക്കരി, 19—11—118. } എന്ന്, മാമ്പ്രഴക്കരി, കരിങ്ങണമ്പള്ളി പുളിയിൽ കണക്ക്,
കെ. ജി. കുമാരമേനോൻ (ഒപ്പ്)

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST
For almost anything & everything up-to-date in PIECE GOODS and FNCY ARTICLES.
Prices Defy competition.

കോഴിക്കോട് 'ബാദ്ഷാ സ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO,
HUZUR ROAD,
CALICUT.

The Standard Furniture Co., Ltd.,
KALLAI, MALABAR.



Manufacturers of HOUSEHOLD and OFFICE FURNITURE

Branches:

MADRAS— 34/35 General Patters Road, Mount Road
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.

Volume and Value Tables for Round or Squared Timber

Measured in English Linear Feet and Inches.

ക്യൂബിക്കടിയിൽ ഉള്ള പുതിയ മരക്കണക്കു പുസ്തകം

ഇതിൽ 6 ഇഞ്ചു മുതൽ 200 ഇഞ്ചുവരെ വണ്ണമുള്ള തടികളുടേയും ചതുര ഉരുപ്പടികളുടേയും (നീളം 1 മുതൽ $50\frac{3}{4}$ അടിവരേയുള്ളതിൻെറ) ക്യൂബിക്കടി ഇതിൽനിന്നു എളുപ്പത്തിൽ എടുക്കാം. ക്യൂബിക്കടിക്കു കാലണ മുതൽ 6-ക. വരേയും 1 മുതൽ 10,000 ക്യൂബിക്കടിവരേയും ഉള്ള തടികളുടെ വിലയും ഇതിൽ കൊടുത്തിട്ടുണ്ടു. കൊച്ചി ഗവർമ്മേണ്ടു അംഗീകരിച്ചിട്ടുള്ളതും മദിരാശി ഗവർമ്മേണ്ടു ഇപ്പോഴും ധാരാളം ഉപയോഗിച്ചുവരുന്നതുമായ ഈ പുസ്തകം മരക്കച്ചവടക്കാർക്കും കൺട്രാക്ടർമാർക്കും അത്യാവശ്യമാണ.

വില,	സാധാരണ ബൈണ്ടു	ക.	2-8-0
,,	കാലിക്കൊ	,,	,,	3-0-0
,,	തുകൽ	,,	,,	3 8-0

മലയാളത്തിലെ എല്ലാ ലൈബ്രറി പുസ്തകങ്ങളും ഇവിടെ കിട്ടുന്നതാണ്. ആകർഷണീയമായ കമ്മീഷൻ, കാററ്ലോഗ് സൌജന്യം.

ഭാരതവിലാസം പ്രസ്സ് & ബുക്ക്ഡെപ്പൊ തൃശ്ശിവപേരൂർ.

CALENDAR

JANUARY 1944 FEBRUARY

S	30	2	9	16	23	S		6	13	20	27
M	31	3	10	17	24	M		7	14	21	28
T		4	11	18	25	T	1	8	15	22	29
W		5	12	19	26	W	2	9	16	23	
T		6	13	20	27	T	3	10	17	24	
F		7	14	21	28	F	4	11	18	25	
S	1	8	15	22	29	S	5	12	19	26	

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാലു പന്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ എത്രയും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ, വൈദ്യരത്നത്തിന്റെതന്നെ എത്രയും നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലാപ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൗകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിഅറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽതന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

STEEL SAFES

AND

Strong Rooms Specialities

RENOWNED
QUALITY AND
WORKMANSHIP
TO ANY
SPECIFICATIONS.

PRICES MODERATE.

THE COMMONWEALTH TRUST, LTD.,

CALICUT, **MALABAR**